## സബ്മിഷൻ

### പാല്യക്കര ടോൾ പ്ലാസയിലെ ടോൾ നിരക്ക്

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടിയന്തരമായ ശ്രദ്ധ ആവശ്യമുള്ള ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ വളരെ ഗൗരവമായ ഒരു വിഷയമായി എൻ.എച്ച്.-47-ലെ പാല്യക്കരയിലെ ടോൾ പിരിവ് മാറിക്കഴിഞ്ഞിരിക്കുകയാണ്. അടിയന്തരമായ ശ്രദ്ധയും തീരുമാനവും ഉടൻ തന്നെ ഉണ്ടാകേണ്ട ഗുരുതരമായ അവസ്ഥയിലാണ് ഈ പ്രശ്നം നിലനിൽക്കുന്നത്. അവിടെ ടോൾ നിരക്ക് അസഹനീയമായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും ഒരു കാറിന് 85 രൂപ നൽകണമെന്ന അവസ്ഥ നിലനിൽക്കുകയാണ്. അതുപോലെ സ്ട്രീറ്റ് ലൈറ്റുകൾ ഇതുവരെ കത്തിച്ചിട്ടില്ല. 100 കണക്കിന് ജീവനുകളാണ് എൻ.എച്ച്.-47-ൽ വെളിച്ചമില്ലാത്ത ഒറ്റക്കാരണം കൊണ്ട് പൊലിഞ്ഞത്. അത് ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ജംഗഷനുകളിലും രാത്രികാലങ്ങളിൽ വെളിച്ചമില്ലാത്തതുകൊണ്ട് ധാരാളം അപകടങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ സർവ്വീസ് റോഡുകളും ജംഗ്ഷനുകളുടെ വികസനവും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ മേൽപ്പറഞ്ഞ 4 കാര്യങ്ങളിലും തീരുമാനമുണ്ടാക്കാമെന്ന് ഏറ്റിരുന്നു. പക്ഷേ, ഒന്നുപോലും നടന്നിട്ടില്ലെന്നത് ഏറ്റവും ദു:ഖകരവും പ്രതിഷേധാർഹവുമാണ്.

അതുകൊണ്ട് ടോൾ നിരക്ക് അടിയന്തരമായി കുറയ്ക്കണം, സ്ട്രീറ്റ് ലൈറ്റുകൾ ഇന്നെങ്കിൽ ഇന്ന്, എത്രയും വേഗം കത്തിക്കാൻ നടപടിയെടുക്കണം, സർവ്വീസ് റോഡുകളും ജംഗ്ഷനുകളുടെ വികസനവും പൂർത്തീകരിക്കണം കൂടാതെ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പ്രധാന ജംഗ്ഷനുകളിൽ സ്കൈ വാക്ക് വയ്ക്കാമെന്ന് പറഞ്ഞത് നടപ്പാക്കണം. ഇതൊന്നും നടന്നിട്ടില്ല. അതുകൊണ്ട് ടോൾ പിരിവ് നിറുത്തിവയ്ക്കാനുള്ള ഒരു നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുക്കണം. വളരെ ഗുരുതരമായ പ്രശ്നത്തിൽ അങ്ങ് ക്രിയാത്മകമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ജനപ്രതിനിധികളുടെയും മറ്റ് സംഘടനകളുടെയും യോഗം വിളിച്ച് അവിടെ വച്ചുതന്നെ തീരുമാനങ്ങൾ എടുത്തിരുന്നു. ആ തീരുമാനങ്ങൾ പൂർണ്ണമായും നടന്നിട്ടില്ലെന്നുള്ളത് ശരിയാണ്. ഞാൻ ഇക്കാര്യത്തിൽ ഇടയ്ക്ക് ഇടപ്പെട്ടിരുന്നു. അവിടെ ആ പ്രവർത്തനങ്ങൾ നടത്തുന്നതിന് പറ്റിയ സാഹചര്യം ഉണ്ടാക്കുന്നില്ലെന്നുള്ളതാണ് ഈ പ്രവർത്തികൾ ചെയ്യാൻ ബാദ്ധ്യതയുള്ള കോൺട്രാക്ടറുടെ മറുപടി. ............(ബഹളം)...........നിങ്ങൾ പറയുന്നത് ശരിയാണ്. അവിടെ എടുത്ത തീരുമാനങ്ങൾ മുഴുവൻ നടപ്പിലാക്കും സ്ട്രീറ്റ് ലൈറ്റ്, സർവ്വീസ് റോഡ്, സ്കൈ വാക്കുകൾ തുടങ്ങിയവയെല്ലാം നടപ്പിലാക്കും. ഇവ നടപ്പിലാക്കാ

നുള്ള ബാദ്ധ്യതയുണ്ട്. അവിടത്തെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഈ പറഞ്ഞതിനോടൊക്കെ യോജിക്കുന്നുണ്ടെങ്കിലും മറ്റ് ചില സംഘടനകൾ അവിടെ ശക്തമായ സമരങ്ങൾ നടത്തുകയാണ്. ............(ബഹളം).........അവിടെ വർക്ക് ചെയ്യാനുള്ള സൗകര്യം വേണ്ടേ? സമരക്കാർ പല തരത്തിലുള്ള നാശനഷ്ടങ്ങൾ വരുത്തുന്നുണ്ട്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, റോഡ് സൈഡിലാണ് സ്ഥിരമായി സമരം നടക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : തീരുമാനങ്ങൾ അതേപടി നടപ്പിലാക്കാം. പക്ഷേ അതിനുള്ള അന്തരീക്ഷം നിങ്ങൾ അവിടെ ഉണ്ടാക്കണം. ............(ബഹളം).........ഇനി മീറ്റിംഗല്ല ആക്ഷനാണ് വേണ്ടത്. സമയബന്ധിതമായി ജോലികൾ തീർക്കാൻ നിർദ്ദേശം കൊടുക്കാം. ആ അവസരത്തിൽ അവിടെ നല്ല അന്തരീക്ഷം ഉണ്ടാക്കാൻ നിങ്ങൾ സഹകരിക്കണം.

## ഇരട്ടവീടുകൾ ഒറ്റവിട് ആക്കുന്നതിനുള്ള പുതുക്കിയ നിരക്ക്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം ഇരട്ട വീടുകൾ ഒറ്റ വീട് ആക്കുന്നതിന് ജനറൽ വിഭാഗത്തിന് 75,000 രൂപയും പട്ടിക വിഭാഗത്തിന് ഒരുലക്ഷം രൂപയുമാണ് അനുവദിച്ചിരുന്നത്. എന്നാൽ വീട് പൊളിച്ച് ഷെഡ്ഡുകളിൽ താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് 75,000–1,00,000 രൂപ കൊണ്ട് തറപോലും പൂർത്തിയാക്കാൻ കഴിയാതെ, നിരവധി ആളുകൾ സംസ്ഥാനത്ത് ഷെഡ്ഡുകളിൽ കഴിയുകയാണ്. പാവപ്പെട്ട ആളുകൾക്ക് വീട് പണിയുന്നതിന് ലോണുകളും ഗ്രാന്റുകളും വർദ്ധിപ്പിച്ച സാഹചര്യമുണ്ട്. എന്നാൽ ഈ പദ്ധതിപ്രകാരം തുക വർദ്ധിപ്പിച്ച് കൊടുത്തെങ്കിലും പഴയതുക അനുവദിച്ച് നൽകുന്നതു കൊണ്ട് വീടിന്റെ പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. നിർമ്മാണ മേഖലയിൽ ഉണ്ടായിരിക്കുന്ന സാധനങ്ങളുടെ വിലവർദ്ധനവും കൂലിവർദ്ധനവും മൂലം 75,000 രൂപ കൊണ്ട് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിലണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യവകുപ്പ് മന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്, വീടുപണി തുടങ്ങാൻ കഴിയാത്ത പാവപ്പെട്ട ആളുകളെ സഹായിക്കാൻ വേണ്ടി നടപ്പുസാമ്പത്തിക വർഷത്തിലും വരുന്ന ബഡ്ജറ്റിലും കൂടുതൽ തുക വകയിരുത്തി അവർക്ക് വീട് പണിയുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആശയം വളരെ നല്ലതാണ്. നമ്മുടെ സാമ്പത്തിക സ്ഥിതിക്കുള്ള ബുദ്ധിമുട്ട് മാത്രമേയുള്ളൂ. ഇ.എം.എസ്. ഭവന പദ്ധതി യാണ് എക്കണോമിക്കലി വീക്കർ സെക്ഷനുള്ള വീട് പദ്ധതി. എം. എൻ.പദ്ധതിയെന്നുപറയുന്നത് ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്ന പദ്ധതിയാ ണ്. ഇ.എം.എസ്. ഭവന പദ്ധതിയിൽ അതിന്റെ റേറ്റ് കൂട്ടി. 2 ലക്ഷം രൂപ ജനറൽ വിഭാഗത്തിനും ഷെഡ്യൂൾഡ് കാസ്റ്റിനും, 2.5 ലക്ഷം രൂപ ഷെഡ്യൂൾഡ് ട്രൈബിനുമായി വർദ്ധിപ്പിക്കുകയുണ്ടായി. അതിന്റെ പണി കൾ നടക്കുകയാണ്. പക്ഷേ ഇനി എം.എൻ. ലക്ഷം വീട് പദ്ധതിയു ടേയും ഇതുപോലെ റേറ്റ് കൂട്ടുകയെന്നുപറഞ്ഞാൽ ഇക്കൊല്ലം ബഡ്ജറ്റി ലുള്ള തുകകൊണ്ട് 500 ഭവനങ്ങളേ നിർമ്മിക്കാൻ കഴിയൂ. തുക കൂട്ടു മ്പോൾ വീടുകളുടെ നമ്പർ കുറഞ്ഞുപോകും. എന്നാൽ ഇനി തുക വർദ്ധിപ്പിക്കുകയെന്നുപറഞ്ഞാൽ ഒരു 90 കോടി രൂപകൂടി വേണ്ടിവരാം. സാമ്പത്തികമായി വലിയൊരു ഭാരമാണ്. ഏതായാലും ഞാൻ 'യെസ്' or 'നോ' പറയുന്നില്ല. ഇത് ഓപ്പൺ മൈൻഡോടുകൂടി ഗവൺമെന്റ് പരിശോ ധിക്കാം. ഇതാവശ്യമാണ് എന്നുള്ളതിൽ തർക്കമില്ല. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കകത്തു നിന്നുകൊണ്ട് ഇതേപ്പറ്റി നയപരമായ ഒരു തീരുമാനം ഗവൺമെന്റ് കൈക്കൊള്ളാം.

## പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിലെ ടോൾ പിരിവ്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാഞ്ഞങ്ങാട് മണ്ഡലത്തിലെ ദേശീയ പാതയിലുള്ള പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ടോൾ പിരിവിലുണ്ടായ തീവെട്ടിക്കൊള്ളയുടെ കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇക്കഴിഞ്ഞ സെപ്റ്റംബർ 17-ാം തീയതി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫോണിൽ സംസാരിച്ച് ഉത്ഘാടനം ചെയ്ത പാലമാണിത്. സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 13 വരെയുള്ള 16 ദിവസങ്ങളിലാണ് ടോൾ പിരിവ് ഇവിടെ നടന്നത്. ടെണ്ടറില്ലാതെയായിരുന്നു ടോൾ പിരിവ് നടത്താൻ തുടങ്ങിയത്. ടോൾ സംഖ്യ വളരെ വലുതാണ്. 15 രൂപ മുതൽ 135 രൂപവരെ വിവിധ വാഹനങ്ങൾക്ക് ഈടാക്കി വരുന്നു. പിരിവിനുള്ള 30 അംഗസംഘം കോഴിക്കോട്ടുനിന്നാണ് ഇവിടെ എത്തിയതെന്ന് അറിയുന്നു. അച്ചടിച്ച വ്യാജ രസീതിയുമായാണ് ഈ സംഘമെത്തിയതെന്ന് പരക്കെ പ്രചരണമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ വ്യാജ രസീത് ഉപയോഗിച്ചുള്ള പിരിവിനെതിരെ ഡി.വൈ.എഫ്.ഐ.-യുടെ നേതൃത്വത്തിൽ വലിയ തോതിലുള്ള പ്രക്ഷോഭവും ഇവിടെ നടന്നിരുന്നു. ഒക്ടോബർ 13-ാം തീയതി രാത്രി കാഞ്ഞങ്ങാട് പോലീസ് സി.ഐ. ശ്രീ. വേണുഗോപാൽ അവിടെ നടത്തിയ റെയ്ഡിൽ ഇത് ശരിയാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന വ്യാജ

രസീതിയും അതുപയോഗിച്ച് പിരിച്ച അനധികൃത പണവും പിടിച്ചെടുക്കുകയുണ്ടായി. സംഖ്യ രണ്ട് ലക്ഷത്തി ഏഴായിരത്തി നാൽപ്പത് രൂപയായിരുന്നു. പതിനൊന്ന് മണിവരെയുള്ള പിരിവിലാണ് ഇത് പിരിച്ചെടുത്തത്. അങ്ങനെ സർക്കാരിന്റെ ഖജനാവിലേയ്ക്ക് അടയ്ക്കുന്ന പണമാണെങ്കിൽ താരതമ്യേന കുറഞ്ഞ സംഖ്യയുമായിരുന്നു. 16 ദിവസം പിരിവ് നടന്നു. ഖജനാവിൽ അടച്ചത് പന്ത്രണ്ട് ലക്ഷത്തോളം രൂപ മാത്രം. പിരിച്ചെടുത്തത് മേൽപ്പറഞ്ഞ കണക്കനുസരിച്ച് നാൽപ്പത്തി അഞ്ച് ലക്ഷത്തോളം രൂപ വരും. കൊള്ളയുടെ വലിപ്പം ഇതിൽ നിന്ന് ഊഹിക്കാവുന്നതേയുള്ളൂ. സംഭവത്തെത്തുടർന്ന് സർക്കാർ മൗനത്തിലാണ്. ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഒരു നടപടിയും ഉണ്ടായിട്ടില്ല. അന്വേഷണം നടത്തുകയോ നിയമപരമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട ആളുകളുടെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മറ്റൊരുകാര്യം, കേന്ദ്ര ........(മൈക്ക് ഓഫ്) ...........ടോൾ പിരിവ് നടത്തുന്നത് ശരിയല്ല. ബി.ഒ.റ്റി. അടിസ്ഥാനത്തിൽ പണിത പാലമല്ല ഇത്. റോഡ് ടാക്സ് ഉൾപ്പെടെ പിരിക്കുന്ന സാഹചര്യത്തിലും ടോൾ പിരിവ് കൂടി നടത്തുന്നതിന് യാതൊരു ന്യായീകരണവും ഇല്ല. അതുകൊണ്ട് പടന്നക്കാട് റെയിൽവേ മേൽപ്പാലമുൾപ്പെടെ മുഴുവൻ ടോൾ പിരിക്കുന്ന മറ്റ് കേന്ദ്രങ്ങളിലും ഇത് നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):</u> സര്‍, കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പടന്നക്കാട് ദേശീയ പാത റെയില്‍വേ മേല്‍പ്പാലം 17.09.2012-ല്‍ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നില വിലുള്ള ചട്ടങ്ങള്‍ പ്രകാരം നിര്‍മ്മാണച്ചെലവ് 10 കോടി രൂപയില്‍ കൂടുത ലാണെങ്കില്‍ അത്തരം പാലങ്ങളില്‍ ടോള്‍ പിരിവ് നടത്തേണ്ടതാണ്. കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിലെ നിശ്ചിത ചട്ടങ്ങളിലെ നിര്‍ദ്ദേശപ്ര കാരം പണി പൂര്‍ത്തിയായി 45 ദിവസത്തിനകം ചുങ്കം പിരിവ് ആരംഭിക്കേ ണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പ് നേരിട്ട് 27.09.2012 മുതല്‍ ടോള്‍ പിരിവ് ആരംഭിച്ചത്. ഇതിനായി താല്‍ക്കാലിക ജോലിക്കാരെ നിയമിക്കുകയും ചെയ്തു. എന്നാല്‍ വ്യാജ രസീതു കളിലൂടെ ചുങ്കം പിരിവ് നടത്തുന്നതായി പരാതി ലഭിച്ചതിനെത്തുടര്‍ന്ന് 14.10.2012-ന് ഹോസ്ദുര്‍ഗ്ഗ് സര്‍ക്കിള്‍ ഇന്‍സ്പെക്ടര്‍ ടോള്‍ ബൂത്ത് റെയ്ഡുചെയ്യുകയും അവിടെ ജോലിചെയ്തിരുന്ന 11 താല്‍ക്കാലിക ജീവ നക്കാര്‍ക്കെതിരെ ക്രൈം നമ്പര്‍ 1016/12 പ്രകാരം കേസ്സ് ചാര്‍ജ്ജ് ചെയ്യു കയും ചെയ്തു. ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണവും പോലീസ് അന്വേഷണവും നടക്കുന്നുണ്ട്. ടോള്‍ പിരിവിലൂടെ ലഭിച്ച 12,18,490/- രൂപ ട്രഷറിയില്‍ അടച്ചിട്ടുണ്ട്. ഇതിനിടെ ഇതുസംബന്ധിച്ച് നോട്ടിഫിക്കേഷന്‍ സെന്‍ട്രല്‍ ഗസറ്റില്‍ വിജ്ഞാപനം ചെയ്തതിനു ശേഷം മാത്രം ടോള്‍ പിരിവ് ആരംഭിച്ചാല്‍ മതിയെന്ന് കേന്ദ്ര ഉപരിതല

ഗതാഗത വകുപ്പിൽ നിന്നും അറിയിപ്പ് ലഭിച്ചതിനാൽ തുടർ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് സ്വീകരിച്ചുവരുന്നു. ടോൾ പിരിവ് നടത്തുന്നത് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ്. അതുകൊണ്ടുതന്നെ ടോൾ പിരിവ് ഒഴിവാക്കുന്ന കാര്യം സംസ്ഥാന സർക്കാരിനുമാത്രമായി തീരുമാനിക്കാൻ സാധിക്കുകയില്ല. കേന്ദ്ര ഗവൺമെന്റുകൂടി ഉൾപ്പെട്ട ഒരു സംഗതിയാണ്. ടോൾ പിരിവ് ഒഴിവാക്കണമെന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ആഗ്രഹം. പക്ഷേ, നിയമപരമായി അതിന് തടസ്സമുണ്ട്.

## ഇ.എം.എസ്. സ്റ്റേഡിയം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, 'എല്ലാവർക്കും ആരോഗ്യം' എന്ന പദ്ധതിയിൽപ്പെടുത്തി എന്റെ മണ്ഡലമായ തൃക്കരിപ്പൂരിൽ ഒരു ആർട്ടിഫിഷ്യൽ സിന്തറ്റിക് ഗ്രാസ്സ് ഫുട്ബോൾ ടർഫും 50 ലക്ഷത്തിന്റെ ഒരു സ്വിമ്മിംഗ് പൂളും അനുവദിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. എന്റെ സബ്മിഷൻ അതല്ല. ഇം.എം.സ്. കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയാണ്. അദ്ദേഹം നീലേശ്വരത്തുനിന്നാണ് ജയിച്ചത്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി 2010-2011 ആയിരുന്നു. അതെല്ലാം കണക്കിലെടുത്തുകൊണ്ട് അന്നത്തെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇ.എം.എസ്സിന്റെ പേരിൽ ഒരു സ്റ്റേഡിയം നീലേശ്വരത്ത് അനുവദിച്ചിരുന്നു. പക്ഷേ ബഹുമാനപ്പെട്ട കെ. എം.മാണിയുടെ ബഡ്ജറ്റിൽ അതിന്റെ ഒരു സൂചനപോലും ഇല്ല. ശ്രീ. കെ.എം.മാണി ബഡ്ജറ്റ് അവതരിപ്പിച്ച അന്നുതന്നെ ഞാൻ അവിടെ പോയി ഇത് മാണിസാറിനോട് പറഞ്ഞു, "അയ്യോ ഇ.എം.എസ്സിനെ മറക്കാൻ പറ്റുമോ ഞാൻ ഇതിൽ ഉൾപ്പെടുത്താ"മെന്ന് പറഞ്ഞു. പക്ഷേ രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും അത് കാണാനില്ല. 6 ഏക്കർ സ്ഥലം ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ചിരിക്കുന്നു. അന്ന് 2.5 കോടി രൂപയായിരുന്നു. ഇന്ന് 3.5 കോടി രൂപയെങ്കിലും വേണം. ഇ.എം.എസ്സിനോട് ഇങ്ങനെയൊരു അവഗണന കാണിക്കാൻ പാടില്ല. ഇ.എം.എസ്സ്

ആരാണ്, അദ്ദേഹത്തിന്റെ പേരിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കേണ്ട സ്ഥാനത്ത് അദ്ദേഹത്തെ തീരെ അവഗണിക്കുന്നത് ശരിയല്ല. അടിയന്തിരമായി ഇപ്പോഴത്തെ ബഡ്ജറ്റിലെങ്കിലും ആ പണം അനുവദിച്ച് ആ സ്റ്റേഡിയം പ്രാവർത്തികമാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്;.

<u>വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ):</u> സർ, 2010-2011-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നീലേശ്വരം ഇ.എം.എസ്. മെമ്മോറിയൽ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 2 കോടി രൂപ പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി നിലേശ ്വരം ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച 2.47 കോടി രൂപയുടെ എസ്റ്റിമേറ്റ് 2 കോടി രൂപയായി നിജപ്പെടുത്തി സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്ക് 2204-00-104-00-11 ഇ.എം.എസ്. സ്റ്റേഡിയം നീലേശ്വരം പ്ലാൻ എന്ന ശീർഷകത്തിൽ ആയിരം രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ടി. തുക പുനർവിന്യാസം വഴി ലഭ്യമാക്കാനുള്ള നിർദ്ദേശങ്ങളും പ്രാവർത്തികമായില്ല. 2011-2012 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. പ്രസ്തുത തുക അനുവദിക്കുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ് എന്നുള്ളതാണ് മറുപടി. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് പ്രധാനമായും ശ്രദ്ധിക്കണം. 3 കോടി

രൂപയുടെ ഒരു സിന്തറ്റിക് ടർഫ് + 50 ലക്ഷം രൂപയുടെ ഒരു സ്വിമ്മിംഗ് പൂൾ, ഇതു രണ്ടുംകൂടി അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രം, വടക്കുള്ള ജില്ലയായ കാസർകോഡ് - അവിടെ അവഗണിക്കപ്പെടുന്നുവെന്നുള്ള പരാതി മാറ്റാൻവേണ്ടി 3.5 കോടി രൂപ ഈ വർഷം, ശ്രീ. കെ.എം.മാണി ഈ ബഡ്ജറ്റിൽ തന്ന പൈസയിൽനിന്നാണത്, ......അത് ശരിയാണ്, പക്ഷേ ഇ.എം.എസ്സിന്റെ പേരിലുള്ള സ്റ്റേഡിയം തീർച്ചയായും അടുത്ത ഘട്ടത്തിൽ നമുക്ക് പരിഗണിക്കാം. അതിനെപ്പറ്റി അങ്ങേയ്ക്ക് ആശങ്ക വേണ്ട. ആദ്യം തന്ന 3.5 കോടി രൂപയുടെ വർക്ക് തീർക്കാൻ അങ്ങ് സാവകാശം തരിക, ആദ്യം ഞാനതൊന്ന് തീർക്കട്ടെ.

<u>മി. സ്പീക്കർ</u>: ഇതും ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി കിട്ടിയതിനുശേഷമാണ് പണിയുന്നത്. അതാണ് സ്പോർട്ട്സ് മിനിസ്റ്റർ പറഞ്ഞത്. ശ്രീ. കെ. എം. മാണി, അങ്ങു വല്ലതും പറയുന്നുണ്ടോ?

<u>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി):</u> സർ, വെറും ആയിരം രൂപയായിരുന്നത് 3.5 കോടി രൂപയായി വർദ്ധിപ്പിച്ചുകൊടുത്തത് എത്രയോ വലിയൊരു കാര്യമാണ്. അതിന് നമ്മുടെ ഗവൺമെന്റിനെ അനുമോദിക്കണം. ഇതു കഴിയട്ടെ നമുക്ക് നോക്കാം.

<u>മി. സ്പീക്കർ</u>: ഒരു കാര്യം 3.5 കോടി രൂപ, 4.5 കോടി രൂപ എന്നിങ്ങനെ ഓരോ മണ്ഡലത്തിലും അനുവദിക്കുമ്പോൾ എല്ലാം ഇവിടെ നിയ

മസഭയിലെ ഭരണ പ്രതിപക്ഷ എം.എൽ.എ. മാർ കേട്ടുകൊണ്ടിരിക്കുകയാണ്. ധനകാര്യവകുപ്പുമന്ത്രി അറിയണം അത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: അങ്ങ് പറഞ്ഞതു ശരിയാണ്. സ്മൈൽ എന്ന പ്രോഗ്രാമിൽ വിവിധ മണ്ഡലങ്ങളിലായി ഏതാണ്ട് 22 കോടി രൂപയുടെ 84 വർക്കുകൾ ചരിത്രത്തിലാദ്യമായി സ്പോർട്ട്സ് വകുപ്പ് അനുവദിച്ചിട്ടുണ്ട്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഇത്രയും വർക്കുകൾ അനുവദിച്ച് സ്പോർട്ട്സ് വകുപ്പുതന്നെ പണിതുകൊടുക്കുന്നത്.

## വന്യമൃഗശല്യം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അതിരൂക്ഷമായ വന്യ മൃഗശല്യം കാരണം വയനാട്ടിലെ കർഷകരും മറ്റ് ജന വിഭാഗങ്ങളും വളരെ കഷ്ടത അനുഭവിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. വന്യമൃഗശല്യം കാരണം ജീവനും വളർത്തുമൃഗങ്ങൾക്കും ഒട്ടനവധി പ്രതിസന്ധികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മനുഷ്യജീവനുപോലും സംരക്ഷണമില്ലാത്ത സാഹചര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വനം സംരക്ഷിക്കുന്നതിനും വന്യജീവിയെ സംരക്ഷിക്കുന്നതിനും വയനാട്ടുകാർ എതിരല്ല. പക്ഷേ, മനുഷ്യ ജീവനും അവന്റെ സ്വത്തിനുമുള്ള സംരക്ഷണമാണ് ആവശ്യം. ഈ കഴിഞ്ഞ ദിവസങ്ങളിൽ 15 ദിവസങ്ങളോളം കടുവ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലിറങ്ങി പതിനേഴോളം

മൃഗങ്ങളെ കൊലപ്പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യ മന്ത്രിയുമൊക്കെ ഇടപെട്ട് സമയബന്ധിതമായി അതിന് നഷ്ടപരിഹാര ത്തുകയുൾപ്പടെയുള്ള സംവിധാനങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഈ കഴിഞ്ഞ കാലങ്ങളിലെ കണക്കെടുത്ത് പരിശോധിച്ചപ്പോൾ 4 വർഷം കൊണ്ട് നാല് കോടി പത്ത് ലക്ഷം രൂപ ഇത്തരത്തിലുള്ള നഷ്ടപരിഹാര ങ്ങൾ അവിടെകൊടുത്തിട്ടുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. അവിടെ ശാശ്വതമായ ഒരു പരിഹാരമാണ് ഉണ്ടാവേണ്ടത്. കഴിഞ്ഞ ദിവസംതന്നെ ഈ സംഭവവികാസങ്ങളൊക്കെ കഴിഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനംവകുപ്പുമന്ത്രിയും വന്നതിനുശേഷം മൂന്നാമത്തെ ദിവസം ഒരു പട്ടിക വർഗ്ഗക്കാരനെ ആന മൃഗീയമായി കുത്തിക്കൊല്ലുകയാണ് ചെയ്തത്. മൂന്ന് ലക്ഷം രൂപയാണ് ഇവർക്ക് കൊടുക്കുന്ന ധനസഹായം. അവി ടത്തെ കണക്കെടുത്ത് പരിശോധിച്ചപ്പോൾ കാട്ടുപോത്തിന്റേയും ആന യുടേയും ആക്രമണംമൂലം മരണപ്പെട്ടത് കുടുംബനാഥന്മാരാണ്. അവ രുടെ ആശ്രിതർക്ക് കിട്ടുന്നത് മുന്നുലക്ഷംരൂപയാണ്. ഈ തുക വർദ്ധിപ്പിച്ചുകൊണ്ട് അത്തരം കുടുംബങ്ങൾക്ക് 10 ലക്ഷം രൂപയെങ്കിലും അനുവദിച്ച് കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു സാഹചര്യം ഉണ്ടാവണം, മാത്രമല്ല, ശാസ്ത്രീയമായ രീതിയിൽ ഇതിനൊരു ടീമിനെ നിയോഗിച്ചുകൊണ്ട് ജനവാസ കേന്ദ്രത്തേയും വനത്തേയും തരംതിരിക്ക ത്തക്ക രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു..

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : സർ, കാർഷിക രംഗത്ത് നഷ്ടപരിഹാരത്തിന് പരിഹാരമുണ്ട്. നമ്മുടെ നാട്ടിൽ വ്യവസ്ഥാപിതമായി ഇതിനെല്ലാം ചില തീരുമാനങ്ങളുണ്ട്. ആന ആക്രമിച്ചുകൊന്നാൽ 3 ലക്ഷം രൂപ, കാട്ടിനകത്തുവച്ച് പാമ്പുകടിച്ചുകൊന്നാൽ ഇത്ര ലക്ഷം രൂപ എന്നൊരു കണക്കുണ്ട്. അതൊക്കെ വളരെ രസകരമായി ആരുടെയെങ്കിലും കയ്യടി വാങ്ങാൻ വേണ്ടി 10 ലക്ഷം രൂപ കൊടുക്കാമെന്ന് പറഞ്ഞാൽ നടക്കുന്ന കാര്യമല്ല. വയനാടിന് ഒരു നിയമവും പാറശ്ശാലയ്ക്ക് വേറൊരു നിയമവുമില്ല. അത് ബുദ്ധിമുട്ടാണ്. പിന്നെ ഞങ്ങൾ പരമാവധി ചെയ്യും. ഒരു സർക്കാരിനെ വിശ്വസിക്കണം. കടുവാ സങ്കേതമാക്കില്ലാ എന്നുപറയുമ്പോൾ ആക്കുമെന്ന് വ്യാജ പ്രചരണം നടത്തുന്നവർക്ക് കൈയടി കിട്ടുകയും ആക്കുകയില്ല എന്നുപറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിയും കേന്ദ്രമന്ത്രിയും നോക്കുകുത്തികളാകുകയും ചെയ്യുന്നത് വളരെ ദുഃഖകരമാണ്. ഇതിന് വ്യവസ്ഥാപിതമായ ഒരു കണക്കുണ്ട്. സർക്കാരിന്റെ ഖജനാവിലെ സമ്പത്തിന്റെ ഘടനയനുസരിച്ച് മാത്രമേ നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കുകയുള്ളൂ.

Uncorrected / Not for publication

## ഇലക്ട്രിസിറ്റി ബോർഡ് സെക്ഷൻ ഓഫീസ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കൊടുവള്ളി മണ്ഡലത്തിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനെ സംബന്ധിച്ച ആവശ്യങ്ങൾക്ക് വളരെയധികം പഴക്കമുണ്ട്. കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ ഏതാണ്ട് മുപ്പതിനായിരത്തിലധികം ജനസംഖ്യ ഇപ്പോഴുണ്ട്. കൊടുവള്ളി, താമര ശ്ശേരി, ഉണ്ണിക്കുളം, നരിക്കിനി എന്നീ നാലു സെക്ഷന്റെ പരിധിയിലാണ് ഈ പഞ്ചായത്തിലെ ഗുണഭോക്താക്കൾ ഇപ്പോഴുള്ളത്. പത്തും പതി നഞ്ചും കിലോമീറ്റർ യാത്ര ചെയ്യേണ്ട അവസ്ഥ ഇവർക്കുണ്ട്. വൈദ്യു തിക്ക് തടസ്സമുണ്ടാകുകയോ ഉദ്യോഗസ്ഥന്മാർക്ക് പെട്ടെന്ന് വരേണ്ടിവരി കയോ ചെയ്യുന്ന സന്ദർഭത്തിൽ വളരെയധികം പ്രയാസങ്ങൾ ഉണ്ടാകുന്ന തായി അനുഭവത്തിലുണ്ട്. കൊടുവള്ളി സെക്ഷന്റെ കീഴിൽ മാത്രം ഏതാണ്ട് ഇരുപത്തി അയ്യായിരത്തിലധികം ഗുണഭോക്താക്കളാണ് ഇപ്പോ ഴുള്ളത്. ഇവിടെ വിഭജിക്കൽ വളരെ നിർബന്ധമാണ്. മറ്റ് മൂന്ന് സെക്ഷ നുകളിലും മോശമല്ലാത്ത രീതിയിൽ ഗുണഭോക്താക്കൾ ഇപ്പോഴുണ്ട്. അതുകൊണ്ട് അടിയന്തരമായി കിഴക്കോത്ത് പഞ്ചായത്തിൽ എളേറ്റ്-വട്ടോളി കേന്ദ്രീകരിച്ചുകൊണ്ട് ഒരു സെക്ഷൻ ഓഫീസ് ഉണ്ടാ ക്കുകയാണെങ്കിൽ ഉപകാരമായിരിക്കും. അവിടെ കെട്ടിടവും മറ്റ് സൗകര്യങ്ങളുമൊക്കെ സൗജന്യമായി ലഭിക്കുമെന്ന വിവരം പഞ്ചായത്ത് അറിയി

ച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ചെയ്തുകൊടുക്കണമെന്ന് എനിക്ക് വളരെ ആഗ്രഹമുണ്ട്. പക്ഷെ സ്റ്റാറ്റിസ്റ്റിക്സിൽ ചെറിയൊരു പ്രശ്നമുണ്ട്. 20400 ഉപഭോക്താക്കളുള്ള 63 sq. k.m. വിസ്തൃതിയുള്ള താണ് കൊടുവള്ളി. അതുപോലെ 15600 ഉപഭോക്താക്കളും 68 sq. k.m. വിസ്തൃതിയുമുള്ളതാണ് താമരശ്ശേരി. 16900 ഉപഭോക്താക്കളും 81 sq. k.m. വിസ്തൃതിയുമുള്ളതാണ് ഉണ്ണിക്കുളം. നമ്മുടെ നോംസ് 25000 ആണ്. അല്ലെങ്കിൽ 20000 കൺസ്യൂമേഴ്സും 100 sq. k.m. -ൽ കൂടുതൽ വിസ്തീർണ്ണവും വേണം. ഈ മൂന്നു സ്ഥലവും നമ്മുടെ നോംസിനകത്ത് വരുന്നില്ല. എന്നാലും ഇത് വളരെ അർഹിക്കുന്ന ഒരു പ്രദേശമാണ്. അതു കൊണ്ട് ഈ കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുകയെന്നുള്ളത് പരി ശോധിച്ചതിനുശേഷം ഈ ഒരു നോംസിലേയ്ക്ക് വരുന്ന സമയത്ത് ഇതിന് മുൻഗണന നൽകുന്നതായിരിക്കും.

**സർക്കാർ/എയ്ഡഡ് കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, എന്റെ മണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയാനാണ് ഈ സബ്മിഷൻ. 7 കുഗ്രാമങ്ങൾ അടങ്ങിയ ഒരു മണ്ഡലമാണ് അത്. അവിടെ ഭാഗ്യത്തിന് 9 ഹയർ സെക്കണ്ടറി സ്കൂളുകളും രണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുമുണ്ട്. ഞങ്ങൾ അടുത്തകാലത്ത് അവിടെ ഒരു കാമ്പയിൻ ആരംഭിച്ചു. ആ മണ്ഡലത്തിലെ എല്ലാ വീടുകളിൽ പോകുകയും ഗ്രാമസഭകളിൽ പറയുകയും ചെയ്തു. എല്ലാ മക്കളും ഗ്രാഡ്യൂവേറ്റ്സാകുന്ന ഒരു മണ്ഡലമായിരിക്കണം മങ്കട എന്ന് ഞങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് - ഇപ്പോൾ അവിടെ ഒരു എയ്ഡഡ് കോളേജോ ഗവൺമെന്റ് കോളേജോ ഇല്ല. രണ്ടുനിലയ്ക്കാണെങ്കിലും എല്ലാ സൗകര്യങ്ങളും ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. അതുകൊണ്ട് ഞങ്ങളുടെ ഈ പിന്നോക്കാവസ്ഥ പരിഗണിച്ച് അവിടെ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങുന്നതിന് ഈ ബഡ്ജറ്റിൽ നിർദ്ദേശമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കേരളത്തിൽ ഏറ്റവുമധികം വിദ്യാർത്ഥികൾ പ്ലസ് ടൂ വിജയിച്ച ജില്ലയാണ് മലപ്പുറം. ഈ ജില്ലയിൽ നിന്ന് വിജയിക്കുന്ന എല്ലാ കുട്ടികൾക്കും ഉപരിപ

ഠനത്തിന് ആവശ്യമുള്ളത്രയും കോളേജുകൾ മലപ്പുറം ജില്ലയിലില്ല. പ്രത്യേകിച്ച് മങ്കട നിയോജകമണ്ഡലത്തിൽ ഒരു കോളേജുപോലുമില്ല എന്നുള്ള വസ്തുത ശരിയാണ്. സർക്കാർ ഇക്കാര്യം ഗൗരവമായി പരിശോധിക്കുകയുണ്ടായി. പിന്നോക്ക പ്രദേശങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് മതിയായ വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്ന കാര്യത്തിൽ സർക്കാരിന് തുറന്ന മനസ്സാണുള്ളത്. എന്നാൽ സർക്കാർ തലത്തിലോ എയ്ഡഡ് തലത്തിലോ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ ഇനിയും നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. പ്രസ്തുത തീരുമാനമെടുക്കുന്നതിനോടൊപ്പം നിർദ്ദിഷ്ട കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യത, കെട്ടിട നിർമ്മാണം, അധിക സാമ്പത്തിക ബാദ്ധ്യത, ആരംഭിക്കേണ്ട കോഴ്സുകൾ, കോളേജ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരുടെ വിശദവിവരങ്ങൾ എന്നിവകൂടി പരിഗണിക്കേണ്ടതുണ്ട്. എങ്കിലും ഈ കാര്യത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും നിർദ്ദേശങ്ങളും ശുപാർശകളും ലഭ്യമാക്കാനും അവ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ അഭിപ്രായം കൂടി ആരാഞ്ഞ് ശുപാർശ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**സിൻഡിക്കേറ്റ് അംഗത്തെ ഒഴിവാക്കിയ തീരുമാനം**

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരള സർവ്വകലാശാലയിൽ നടക്കുന്ന തുടർച്ചയായ നിയമ ചട്ട ലംഘനങ്ങൾ പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് എന്റെ ഈ സബ്മിഷൻ. കഴിഞ്ഞ ഒക്ടോബർ മാസം 16-ാം തീയതി ഹയർ എഡ്യൂക്കേഷൻ കൗൺസിൽ കേരളത്തിലെ എല്ലാ സിൻഡിക്കേറ്റ് മെമ്പർമാരുടെയും ഒരു സംയുക്ത യോഗം വിളിച്ച് ചേർത്തിരുന്നു. ആ യോഗത്തിന്റെ അജണ്ടയായി പറഞ്ഞത് ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ട് ചർച്ചചെയ്യാനായിരുന്നു. എന്നാൽ ആ യോഗം തുടങ്ങുന്നതിന് തൊട്ടുമുമ്പ് പത്തേകാൽ മണിക്ക് ഗവൺമെന്റ് ഒരു ഓർഡർ ഇറക്കി. ആ ഓർഡർ ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റത്തിന്റെ അന്തഃസത്ത തകർക്കുന്ന ഒരു ഓർഡറായിരുന്നു. അതിനെ ആ യോഗത്തിൽ ആളുകൾ ചോദ്യം ചെയ്തു. അതിന്റെ പേരിൽ കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ശ്രീ. എസ്.പി. ദീപക്കിനെ സിൻഡിക്കേറ്റിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഡോക്ട്രിൻ ഓഫ് പ്ലെഷർ എന്നുപറയുന്ന കാലഹരണപ്പെട്ട ഒരു നിയമം പറഞ്ഞിട്ടാണ് ഒഴിവാക്കിയിരിക്കുന്നത്. ബ്രിട്ടീഷുകാർ പോയിട്ട് 65 വർഷം കഴിഞ്ഞെങ്കിലും ആ പഴയ കൊളോണിയൽ അവശിഷ്ടം പേറുന്ന ചിലർ ഇവിടെയുണ്ട്. കേരള സർവ്വകലാശാലയിൽ സംവരണം അട്ടിമറിച്ചിരിക്കുകയാണ്. കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പറയുന്നത്, Single cadre posts are clearly

stated in Chapter 2. They are the Vice Chancellor, PVC, Registrar, Controller of Examination and Finance Officer. In additional posts like University Librarian, Director of Publications and PRO may be treated as a single sanctioned post. The matter of treating single sanctioned post of Professor, Reader, and Lecturer in the University teaching department as an open category is against the University statute. അവിടെ വി.സി. ഒരു ഉത്തരവിട്ടിരിക്കുകയാണ്. സംവരണം അട്ടിമറിച്ചിരിക്കുകയാണ്. കേരളത്തിലെ മറ്റ് എല്ലാ സർവ്വകലാശാലകളും അദ്ധ്യാപക നിമയനം ഒരു പൊതുപൂൾ ആയി എടുത്ത് അതിൽനിന്നാണ് നിയമിക്കുന്നത്. എന്നാൽ കേരള സർവ്വകലാശാല അദ്ധ്യാപക നിയമനം സിംഗിൾ പോസ്റ്റായി നോട്ടിഫൈ ചെയ്ത് സംവരണം അട്ടിമറിക്കുകയാണ്. സംവരണം പുനഃസ്ഥാപിക്കണം. സംവരണത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു പാർട്ടിയുടെ നേതാവ് വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോൾ സംവരണ കുരുതിയാണ് കേരള സർവ്വകലാശാലയിൽ നടക്കുന്നത്. സംവരണം പുനഃസ്ഥാപിക്കണം. ജനാധിപത്യ അട്ടിമറി ആവർത്തിക്കരുത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, യൂണിവേഴ്സിറ്റി പാഠ്യപദ്ധതിയിൽ സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഉന്നത വിദ്യാഭ്യാസ

കൗൺസിൽ മുൻകൈയെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഇതര കാര്യങ്ങൾ വിശദീകരിക്കുന്നതിനുംവേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 16/10/2012-ൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ സിൻഡിക്കേറ്റ് മെമ്പർമാരുടെ യോഗം വിളിച്ച് ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽനിന്നായി 95-ഓളം സിൻഡിക്കേറ്റ് മെമ്പർമാർ പങ്കെടുത്തു. എന്നാൽ കേരള സർവ്വകാലാശാലയിൽ നിന്ന് പങ്കെടുത്ത 5 സിൻഡിക്കേറ്റ് മെമ്പർമാർ യാതൊരു പ്രകോപനവുമില്ലാതെ ശ്രീ. എസ്.പി. ദീപക്കിന്റെ നേതൃത്വത്തിൽ സമ്മേളന സമയത്ത് യോഗനടപടികൾ തടസ്സപ്പെടുത്തിയതായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയുണ്ടായി. കേരള സർവ്വകലാശാല ഭേദഗതി നിയമം 2012 പ്രകാരം കേരള സർവ്വകലാശാല ആക്ട് 1974-ലെ സെക്ഷൻ 18-ലെ സബ് സെക്ഷൻ 3 ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി ഇങ്ങനെയാണ്. The members in the Senate nominated by the Chancellor or the Government under heading other members shall hold the office during the pleasure of the Chancellor or the Government as the case may be. സർവ്വകലാശാലകളുടെ നടത്തിപ്പിൽ ഗുണപരവും നിർണ്ണായകവുമായ ഇടപെടൽ നടത്തേണ്ടവരാണ് സിൻഡിക്കേറ്റ് അംഗങ്ങൾ. വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്നതിനുള്ള സമിതിയിൽ സർവ്വകലാശാല

സെനറ്റ് തെരഞ്ഞെടുത്ത പ്രതിനിധികൂടിയാണ് ശ്രീ. എസ്.പി. ദീപക്. അങ്ങനെയുള്ള ഒരാളിൽനിന്നും പ്രതീക്ഷിക്കുന്ന സൗമനസ്യ സമീപനമല്ല മേൽപരാമർശിച്ച യോഗത്തിൽ ശ്രീ. എസ്.പി. ദീപക്കിൽ നിന്നുമുണ്ടായത്. ഈ സാഹചര്യത്തിലാണ് ചാൻസലറുടെ നോമിനിയായ ശ്രീ. എസ്.പി. ദീപക്കിനെ ചാൻസലർകൂടിയായ ബഹുമാനപ്പെട്ട ഗവർണർ വിവേചനാധികാരമുപയോഗിച്ച് സിൻഡിക്കേറ്റിൽ നിന്നും പിരിച്ചുവിട്ടത്. ഇത്തരം വിവേചനാധികാരം ഉപയോഗിക്കുമ്പോൾ സാമാന്യ നീതിക്കുള്ള അവസരം നൽക്കേണ്ടതില്ലെന്ന് വിവിധ വിധിന്യായങ്ങളിൽ കോടതികൾ വ്യക്തമാക്കിയിട്ടുണ്ട്. അദ്ധ്യാപക നിയമനത്തിൽ സംവരണം നടപ്പാക്കേണ്ടതില്ല എന്ന് കേരള സർവ്വകലാശാല തീരുമാനിച്ചിട്ടില്ലായെന്നാണ് വൈസ് ചാൻസലർ അറിയിച്ചിട്ടുള്ളത്. അദ്ധ്യാപക നിയമനങ്ങളിൽ കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരവും കെ.എസ്. ആന്റ് എസ്.എസ്.ആർ- ലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ പ്രകാരവുമുള്ള സംവരണ രീതിയാണ് പാലിച്ചുവരുന്നത്. അതേസമയം കേരള സർവ്വകലാശാല അദ്ധ്യാപക നിയമനത്തിൽ സംവരണ നിഷേധം നടക്കുന്നുവെന്ന് പരാതിപ്പെട്ടുകൊണ്ടുള്ള എസ്.എൻ.ഡി.പി. ജനറൽ സെക്രട്ടറി ശ്രീ.വെള്ളാപ്പള്ളി നടേശന്റെ കത്ത് ഇന്നലെ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിക്കുകയും സംവരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എന്തെങ്കിലും തകരാറുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്**

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിൽ പതിമൂന്നു ലക്ഷത്തിലധികം അന്യസംസ്ഥാന തൊഴിലാളികൾ ഇന്ന് പണി എടുക്കുന്നുണ്ട്. ബംഗ്ലാദേശ്, ബംഗാൾ, ബീഹാർ, ഝാർഖണ്ഡടക്കമുള്ള നിരവധി സ്റ്റേറ്റുകളിൽ നിന്നുള്ളവരാണ്. കേരളത്തിൽ ഇവർ ആയിരക്കണക്കിന് ക്രിമിനൽ കേസുകളിൽ പ്രതികളായിരിക്കുകയാണ്. ഏറ്റവുമൊടുവിൽ മല്ലപ്പള്ളി-ആനിക്കാട് എന്നുപറയുന്ന സ്ഥലത്ത് ആനി എന്നുപറഞ്ഞ സ്ത്രീയെ വീട്ടിനകത്ത് കയറി വെട്ടിക്കൊലപ്പെടുത്തി. ഇപ്പോൾ പോലീസ് ആസ്സാമിലേയ്ക്കാണോ, ബംഗ്ലാദേശിലേയ്ക്കാണോ പോകുന്നതെന്നറിയില്ല. നിരവധി കൊലക്കേസുകളും നിരവധി പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകലും നടക്കുന്നുണ്ട്. ഇത്തരം ധാരാളം കേസുകളുണ്ട്. ഇവിടുത്തെ പ്രധാന പ്രശ്നം ഇവർക്ക് തിരിച്ചറിയിൽ കാർഡുണ്ടാവണം. കൊല്ലത്ത് ജനമൈത്രി പോലീസിംഗ് നടപ്പാക്കിയപ്പോൾ അവിടെ ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രമേ ഇവർക്ക് തിരിച്ചറിയിൽ കാർഡ് നിർബന്ധമാക്കിയിട്ടുള്ളൂ. അവരുടെ സ്ഥലത്തു നിന്ന് ഒരു സർട്ടിഫിക്കറ്റ് വാങ്ങിക്കൊണ്ടു വരണം. കേരളം നേരിടാൻ പോകുന്ന ഏറ്റവും ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്കിത് പോവുകയാണ്. ഊരും പേരുമില്ലാത്ത ആളുകൾ ഈ ഏർപ്പെടുന്ന..... ഇതിനകത്ത് ഒരു പരിഹാരമുണ്ടാകണം. അതുകൊണ്ട്

സമയബന്ധിതമായി ഇവർക്ക് തിരിച്ചറിയൽ കാർഡ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ നിന്ന് കൊടുക്കാനുള്ള അടിയന്തര നടപടി അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങുന്നയിച്ചത് ഗൗരവതരവും കാലികവുമായിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് ജോലിക്കുവേണ്ടി ആളുകൾ വരുന്നതിന്റെ പ്രധാന കാരണം ഒന്ന്, കൂടുതൽ വേതനം ലഭിക്കുന്നു എന്നതും രണ്ട്, സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള ഒരു സങ്കേതമെന്ന നിലയിലുമാണ്. ഈ രണ്ടു കാരണങ്ങൾ കൊണ്ടാണ്. നോർത്ത് ഈസ്റ്റേൺ ബെൽറ്റിൽനിന്നാണ് ഏറ്റവും കൂടുതൽ ആളുകൾ വന്നു കൊണ്ടിരിക്കുന്നത്. തൊഴിലാളികളെ കൊണ്ടുവരുന്ന തൊഴിൽദായകരുണ്ട് ആ തൊഴിൽദായകരുടെ കൈയിൽ നിന്ന് കൊണ്ടുവരുന്ന തൊഴിലാളികളെ തിരിച്ചറിയുന്നതിനുള്ള ചിത്രവും വ്യക്തിഗത വിവരങ്ങളും തൊഴിൽദായകർ സൂക്ഷിക്കണമെന്നും ആ രേഖ ഡ്രൈവിംഗ് ലൈസൻസടക്കം തൊഴിലാളികളെ തിരിച്ചറിയാൻ മതിയായ മറ്റ് ഫോട്ടോ ഐഡന്റിറ്റി കാർഡ് തുടങ്ങിയവ ശേഖരിച്ച് സൂക്ഷിക്കണമെന്നും നമ്മൾ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരു പ്രധാന പ്രശ്നം അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന തൊഴിലാളികളെ നമ്മൾ ഇവിടെ പീഡിപ്പിക്കുന്നു എന്നൊരു ചിത്രം പുറത്തുണ്ടാകാനും സാധ്യമല്ല.

കാരണം കേരളത്തിലുള്ള ആളുകളാണ് ഇന്ത്യയിലെ മറ്റു പല സംസ്ഥാന ങ്ങളിലും കൂടുതലായി ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ യൊരു ബുദ്ധിമുട്ടിലേയ്ക്ക് കൊണ്ടുപോകാൻ സാധ്യമല്ലാത്തതുകൊണ്ട് വളരെ സൂക്ഷിച്ച് ഇക്കാര്യം കൈകാര്യം ചെയ്യുകയും അതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യ ണം. തൊഴിൽ ദായകരോ തൊഴിലാളികളോ സ്വമനസ്സാലെ വിവരങ്ങൾ നൽകി അത് പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കണമെന്നും എങ്കിൽ കുറ്റകൃ ത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ അതിൽ അന്യസംസ്ഥാന തൊഴിലാളികളു മായി ബന്ധമുണ്ടെങ്കിൽ അവരെക്കുറിച്ചുള്ള വിവരങ്ങൾ തൊഴിലാളിക ളിൽ നിന്നോ തൊഴിൽദായകരിൽ നിന്നോ ശേഖരിച്ച് പരിശോധിക്കുന്ന തിന് വേണ്ടിയുള്ള നടപടി നമ്മൾ എടുക്കുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് വിശദവിവരങ്ങളടങ്ങിയ ഫോട്ടോ സഹിതമുള്ള ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിച്ചു വരുന്നുണ്ട്. അതോടൊപ്പം തന്നെ അന്യസംസ്ഥാന തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. പതിമൂന്ന് ലക്ഷം ആളു കൾ എന്ന് അങ്ങ് പറഞ്ഞുവെങ്കിലും ഇവിടെ 69,668 ആളുകൾ വിവിധ പോലീസ് സ്റ്റേഷനുകളിലായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെയിടയിൽ തീവ്രവാദികളോ സാമൂഹ്യ വിരുദ്ധരോ കടന്നുകൂടിയിട്ടുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിലെ വിവിധ റെയ്ഞ്ച് സൂപ്രണ്ടുമാർക്ക് സംസ്ഥാന

സ്പെഷ്യൽ ബ്രാഞ്ച് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതുവരെയുള്ള കാലയളവിൽ 2007 മുതൽ 2012 വരെ 836 കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അന്യസംസ്ഥാനക്കാരെന്ന ലേബലിൽ ബംഗ്ലാദേശികൾ വന്ന് താമസിക്കുന്നുണ്ടോ എന്നറിയുന്നതിന് രഹസ്യമായി വിവരങ്ങൾ ശേഖരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനകം ഇത്തരത്തിൽ കണ്ട 67 ബംഗ്ലാദേശികൾക്കെതിരെ കേസെടുത്തിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് അന്യസംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് എന്ന നിയമം കൊണ്ടു വരുന്നതിന് വേണ്ടി നിർദ്ദേശിച്ചിട്ടുണ്ട് അതോടൊപ്പം സംസ്ഥാനത്തിന്റെ സുരക്ഷിതത്വം പാലിക്കുന്നതിന് വേണ്ടിയുള്ള നടപടി നമ്മൾ എടുക്കുന്നുണ്ട്. അങ്ങ് സൂചിപ്പിച്ച മല്ലപ്പള്ളിയിലെ കേസ് - ഞാൻ അദ്ദേഹത്തെ ആശുപത്രിയിൽ പോയി കാണുകയുണ്ടായി. അവിടെ അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവന്ന് താമസിപ്പിച്ചിരുന്ന സ്ഥലത്തുനിന്ന് സ്വന്തം വീട്ടിലെ ജോലിക്കുവേണ്ടി അവർ വിളിച്ചു കൊണ്ടു പോയതാണ്. എനിക്ക് ഈ സഭയിലൂടെ ഒരു കാര്യം വിനയപൂർവ്വം ഓർമ്മിപ്പിക്കാനുണ്ട്. നമുക്ക് മുൻപരിചയമില്ലാത്ത, നമുക്ക് ബാക്ക്ഗ്രൗണ്ട് അറിയാത്ത ആളുകളെ വീടുകളിൽ ജോലിക്ക് നിർത്തുന്നത് വളരെ സൂക്ഷിക്കണം. മാത്രമല്ല ഇവരെക്കുറിച്ചുള്ള വിവരങ്ങൾ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ കൊടുക്കുന്നതിന് കൂടി ഈ വീട്ടുടമ

കൾ തയ്യാറാകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. മല്ലപ്പള്ളിയിൽ ഉണ്ടായ സംഭവത്തിൽ പ്രതികളെ പിടികൂടുന്ന രൂപത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. അന്യ സംസ്ഥാനത്ത് അവരുടെ ലൊക്കേഷൻ ഏതാണെന്ന് മനസ്സിലായിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾകൂടി എത്രയും വേഗത്തിൽ നീങ്ങുന്നതാണ്. ഇവരുടെ ക്രിമിനൽ ആക്ടിവിറ്റി ഒരു കാരണവശാലും ഗവൺമെന്റ് അനുവദിക്കുന്നതല്ല.

Uncorrected / Not for publication

**പാസ്പോർട്ട് വെരിഫിക്കേഷനിലെ കാലതാമസം**

ശ്രീ. പി. ഉബൈദുള്ള: സർ, പാസ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിലുള്ള കാലതാമസം മൂലം നിരവധി ആളുകൾ നമ്മുടെ സംസ്ഥാനത്ത് ബുദ്ധിമുട്ടനുഭവിക്കുകയാണ്. പുതിയ പാസ്പോർട്ടിനുള്ള അപേക്ഷ കൊടുക്കുവാനും പുതുക്കുന്നതിനും വേണ്ടിയുള്ള അപേക്ഷകൾ ഇപ്പോൾ പാസ്പോർട്ട് സേവാ കേന്ദ്രം വഴി യാണ് സ്വീകരിച്ചു വരുന്നത്. അതിനാൽ പാസ്പോർട്ടാഫീസിലെ തിരക്കു കൾ കുറെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട് പുതിയ സംവിധാനമനുസരിച്ച് തത്കാൽ പാസ്പോർട്ട് ഒരു ദിവസത്തിനകവും സാധാരണ പാസ്പോർട്ട് മൂന്ന് ദിവസത്തിനകവും നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിൽ വരുന്ന കാലതാമസംമൂലം പാസ്പോർട്ട് ലഭിക്കാൻ മാസങ്ങളുടെ കാത്തിരിപ്പ് വേണ്ടിവരികയാണ്. അപേക്ഷകൾ വെരിഫിക്കേഷനുവേണ്ടി പാസ്പോർട്ടാഫീസിൽ നിന്ന് എസ്.പി. ഓഫീസിൽ പോകണം. എസ്.പി. ഓഫീസിൽ നിന്ന് ബന്ധപ്പെട്ട സ്റ്റേഷനിൽ പോകണം. തിരിച്ച് വീണ്ടും ബന്ധപ്പെട്ട സ്റ്റേഷനിൽനിന്ന് എസ്.പി. ഓഫീസിൽ വന്ന് അവിടെ നിന്നും പാസ്പോർട്ടാഫീസിൽ പോകണം, ഇങ്ങനെ ധാരാളം സമയമെടുക്കുകയാണ്. അതുകാരണം പല ആളുകൾക്കും വിദേശത്ത് ജോലി സാധ്യത നഷ്ടപ്പെട്ടിട്ടുണ്ട്. 2011-ലെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നത്, പാസ്പോർട്ട് വെരിഫിക്കേഷ നിലെ കാലതാമസം കൊണ്ടുമാത്രം കേരള ഗവൺമെന്റിന് 6.63 കോടി

രൂപ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ്. ഇപ്പോൾ എല്ലാ സംവിധാനങ്ങളും നമ്മുടെ രാജ്യത്തുണ്ട്.. ഇങ്ങനെയുള്ള കാലഘട്ടത്തിൽ പാസ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി അടിയന്തിരമായ നടപടി സ്വീകരിക്കണം. അതോടൊപ്പം വളരെ പ്രധാനപ്പെട്ട ഒരു വിഷയം കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. പാസ്പോർട്ടിൽ വരുന്ന നിസ്സാരമായ തെറ്റുകൾ, ഡേറ്റ് ഓഫ് ബർത്ത് കറക്ഷനുൾപ്പെടെയുള്ള കാര്യങ്ങൾ പാസ്പോർട്ട് ആക്ട് പ്രകാരം പാസ്പോർട്ട് സീസ് ചെയ്യുകയും ബന്ധപ്പെട്ട പാസ്പോർട്ടാഫീസിലേയ്ക്ക് അയച്ചു കൊടുക്കുകയും പാസ്പോർട്ടാഫീസർ ഒരു നിശ്ചിത ഫൈൻ ചുമത്തി പാസ്പോർട്ട് തിരിച്ചുകൊടുക്കുകയുമാണ് സാധാരണ രീതി. ആ രീതിയിൽ നിന്ന് മാറി കോഴിക്കോട് എയർപോർട്ടു വഴി യാത്ര ചെയ്യുന്ന പ്രവാസികളെ പീഡിപ്പിക്കുന്ന സമീപനമാണ് അവിടുത്തെ പോലീസ് സ്വീകരിക്കുന്നത്. പാസ്പോർട്ട് ആക്ടിന് വിരുദ്ധമായി ഇവരുടെ മേൽ കേസെടുക്കുകയും...... 134-ഓളം ആൾക്കാരുടെ മേൽ കേസെടുക്കുകയും അവരെ റിമാൻഡ് ചെയ്തൊരു സാഹചര്യം കോഴിക്കോട്ടുണ്ടായിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: നോ....നോ... നിങ്ങൾ സ്വകാര്യ മെമ്പർമാരുടെ ബില്ലുകൾ രണ്ടു മണിക്കൂറുള്ളത് മുക്കാൽ മണിക്കൂറെങ്കിലും കൊടുക്കണ്ടേ? പ്ലീസ്...പ്ലീസ്............. ഓരോ പോയിന്റായാലും ഒരുപാട് സമയമാകും. പത്തിരുപത് അനൗദ്യോഗിക ബില്ലുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പാസ്പോർട്ട് താമസിക്കുന്നുവെന്നാണ് പറയുന്നത്. റൈറ്റ് ടു സർവീസ് ആക്ടനുസരിച്ച് 20 ദിവസത്തിനകം വെരിഫിക്കേഷൻ നടത്തി പൂർത്തിയാക്കി കൊടുക്കാം എന്നാണ് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. അതേസമയം തത്കാൽ പാസ്പോർട്ടുകളെക്കുറിച്ച് അങ്ങ് പറഞ്ഞു. അതിന്റെ റൂട്ട് വേറെയാണ്. മൂന്ന് പ്രധാന കാരണങ്ങൾ കൊണ്ടാണ് വെരിഫിക്കേഷൻ താമസിച്ചു പോകുന്നത്. 1) ക്രൈം കേസുകളിൽ നിലവിലുള്ള അപേക്ഷകരുടെ കാര്യത്തിൽ കൂടുതലായി വിവരങ്ങൾ അന്വേഷിക്കേണ്ടി വരും. 2) അപേക്ഷയിൽ പറയുന്ന മേൽവിലാസത്തിൽ നിന്ന് ആൾ മാറി താമസിക്കുകയാണെങ്കിൽ അത് കണ്ടെത്തുന്നതിന് കൂടുതൽ സമയം വേണ്ടി വരും. 3) അപേക്ഷയോടൊപ്പമുള്ള അനുബന്ധ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് വെരിഫൈ ചെയ്തുകിട്ടുന്നതിനുള്ള താമസം. ഈ മൂന്ന് കാരണങ്ങളാലുള്ള താമസം പോലീസിന്റെ കൈകൾക്കുമപ്പുറത്താണ്. അതിനാൽ പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന താമസം മാത്രമേ ഞങ്ങൾക്ക് കുറയ്ക്കാൻ കഴിയൂ. വെരിഫിക്കേഷനുവേണ്ടി നമുക്കയച്ചുതരുന്ന ദിവസങ്ങളിലും ചില താമസം ഉണ്ടാകാറുണ്ട്. പാസ്പോർട്ടാഫീസിൽ തന്നെയുണ്ടാകുന്ന താമസം. അത് കുറയ്ക്കുന്നതിനുള്ള നടപടി ഞങ്ങൾ അവരോട് തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. ചില സാഹചര്യങ്ങളിൽ ഒരാഴ്ച വരെ ഈ താമസം ഉണ്ടാകുന്നുണ്ട്. വെരിഫിക്കേഷൻ നടത്താനുള്ള പാസ്പോർട്ടുകളുടെ എണ്ണ

ത്തിന് അനുസൃതമായി പോലീസുകാർ ലഭ്യമാകുന്നില്ല എന്നൊരു പരാതി പറഞ്ഞിട്ടുണ്ട്. അതിന് നടപടി എടുക്കുന്നതിന് വേണ്ടി തീരുമാനിക്കുക യാണ്. പാസ്പോർട്ടിൽ എന്തെങ്കിലും തരത്തിലുള്ള തിരുത്തലുകൾ വരു ത്തുകയോ അനധികൃതമായി എന്തെങ്കിലും മാറ്റങ്ങൾ വരുത്തുകയോ ചെയ്യുന്നത് പാസ്പോർട്ട് ആക്ട് പ്രകാരവും ഇന്ത്യൻ പീനൽ കോഡ് പ്രകാരവും ശിക്ഷാർഹമായ കുറ്റമാണ്. ബഹുമാനപ്പെട്ട ശ്രീ. ഉബൈദുള്ള സൂചിപ്പിച്ച കാര്യം അതിന്റെ കാര്യഗൗരവത്തോടുകൂടി ഞാൻ പരിശോധി ക്കാം. അങ്ങയുടെ നിർദ്ദേശംകൂടി ഉൾക്കൊണ്ടുകൊണ്ട് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിനോട് അത് നിർദ്ദേശിച്ച് അടിയന്തിരമായി അന്വേ ഷണം നടത്തി ഗവൺമെന്റ് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം കൊടുക്കാവുന്നതാണ്.

## സി.എച്ച്.സി. കളിൽ ജീവനക്കാരെ അനുവദിക്കൽ

ശ്രീ. എ. എം. ആരിഫ് : സർ, അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി എന്നീ ആശുപത്രികൾ പേരുകൊണ്ട് സി.എച്ച്.സി.-യും പ്രവൃത്തിയിൽ പി.എച്ച്. സി.-യുമാണ്. അതുപോലെ തുറവൂർ താലൂക്ക് ആശുപത്രിയാണെങ്കിലും സി.എച്ച്.സി.-യായി പ്രവർത്തിക്കുകയാണ്. ഈ മൂന്നു ആശുപത്രികളും എറണാകുളത്തിനും ചേർത്തലയ്ക്കുമിടയിലുള്ള ആശുപത്രികളാണ്. എറണാകുളത്തുനിന്ന് 20 കിലോമീറ്റർ അകലെ ചേർത്തലയിലാണ് പ്രധാനപ്പെട്ട ആശുപത്രിയുള്ളത്. ഈ പ്രദേശങ്ങളിൽ ധാരാളം തൊഴിലാളികളും കൃഷിക്കാരും പാവപ്പെട്ടവരും പട്ടികജാതിക്കാരും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. യഥാർത്ഥത്തിൽ ഇവിടെ ബെഡ് സ്ട്രെങ്ത്തിനനുസരിച്ചുള്ള ഡോക്ടർമാർ പോലുമില്ല. കിടത്തിച്ചികിത്സയുള്ള ആശുപത്രികളാണ് ഇതെല്ലാം. ഇവരുടെ സ്ട്രെങ്ത് വച്ച് രാത്രികാലങ്ങളിലാണെങ്കിൽ ഡോക്ടർമാരുടെ സേവനം ലഭ്യവുമല്ല. അതുകൊണ്ട് ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ഡോക്ടർമാരെ നിയമിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണിയുടേതടക്കം ഫണ്ട് ഉപയോഗിച്ചുകൊണ്ട് നല്ലകെട്ടിടവും മറ്റ് ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങളും അവിടെയുണ്ടായിട്ടുണ്ട്. പക്ഷേ അതിനനുസരിച്ചുള്ള ഡോക്ടർമാരും മറ്റു ജീവനക്കാരും ഇല്ലാത്തതുകൊണ്ട് ഇതൊന്നും പ്രയോജനപ്പെടുത്താൻ കഴിയാതെ ഉപയോഗശൂന്യമായി പോവുകയാണ്. ജനങ്ങളെല്ലാം വളരെ ബുദ്ധിമുട്ടുകയാണ്. അതു

പോലെ തൈക്കാട്ടുശ്ശേരി ആശുപത്രിയിലാണെങ്കിൽ ആകെ 4 പോസ്റ്റുകളാണുള്ളത്. അതിൽ രണ്ടുപേർ അവിടെ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരത്തേക്ക് വന്നു. യഥാർത്ഥത്തിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ കൊടുത്തവരെ അങ്ങോട്ട് മാറ്റി ഇവിടെ പോസ്റ്റ് വേക്കന്റാക്കി ആളുകളെ നിയമിക്കാൻ തയ്യാറാകണം. കുറേ ദിവസങ്ങളായി അവിടെ ഡിവൈ.എഫ്.ഐ. അടക്കമുള്ള എല്ലാ ബഹുജന സംഘടനകളും സമരത്തിലാണ്. മാധ്യമങ്ങളും ഇതിനെക്കുറിച്ച് എഴുതിക്കൊണ്ടിരിക്കുകയാണ്. ഇത് പരിശോധിച്ച് എത്രയുംവേഗം ഐ.പി.എച്ച്. സ്റ്റാൻഡേർഡുള്ള സ്റ്റാഫ് സ്ട്രെങ്ത് നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>): സർ, സംസ്ഥാനത്തെ ആശുപത്രികളിൽ ഐ.പി.എച്ച്. സ്റ്റാൻഡേർഡ് പ്രകാരമുള്ള സ്റ്റാഫിനെ ഒരു സ്ഥലത്തും നിയമിച്ചിട്ടില്ല. അരൂർ നിയോജകമണ്ഡലത്തിൽ പെരുമ്പളം, അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി എന്നീ മൂന്ന് സി.എച്ച്.സി.-കളും തുറവൂരിൽ ഒരു താലൂക്ക് ആശുപത്രിയുമാണുള്ളത്. പെരുമ്പളത്ത് ഐ.പി. നിലവിലുള്ള സി.എച്ച്.സി.-യിൽ 26 കിടക്കകളുണ്ട്. സി.എച്ച്.സി.-യായി ഉയർത്തിയെങ്കിലും പി.എച്ച്.സി. പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫ് മാത്രമേ നിലവിലുള്ളൂ. ഈ സി.എച്ച്.സി. യുടെ കീഴിൽ ഒരു ഫ്ളോട്ടിംഗ് ഡിസ്പെൻസറി

പ്രവർത്തിക്കുന്നുണ്ട്. ഒരു സിവിൽ സർജന്റെയും രണ്ട് അസിസ്റ്റന്റ് സർജന്റെയും തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവുണ്ട്. പി.എസ്.സി. ഈ മാസം 19-ാം തീയതി നടത്തുന്ന കൗൺസിലിംഗ് കഴിഞ്ഞാൽ അവിടെ ഡോക്ടറെ നിയമിക്കുന്നതാണ്. എൻ.സി.ഡി. പ്രോജക്ട് പ്രകാരം ഒരു ഡോക്ടറുടേയും ഫ്ളോട്ടിംഗ് ഡിസ്പെൻസറിയിൽ രണ്ട് ഡോക്ടർമാരുടേയും സേവനം ലഭ്യമാക്കിയി ട്ടുമുണ്ട്. ഐ.പി. നിലവിലുള്ള സി.എച്ച്.സി. അരൂക്കുറ്റിയിൽ 28 കിടക്ക കളും പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള ലാബ് സംവിധാനവുമു ണ്ട്. ഒരു സിവിൽ സർജന്റെയും മൂന്ന് അസിസ്റ്റന്റ് സർജന്റെയും തസ്തി കകൾ അനുവദിച്ചിട്ടുള്ളതിൽ ഒരു സിവിൽ സർജന്റെ ഒഴിവുണ്ട്. ഒരു മാസത്തിനുള്ളിൽ ഡി.പി.സി. കൂടി ആ ഒഴിവ് നികത്തുന്നതാണ്. ഏക ദേശം 150-ന് മുകളിൽ ദിനംപ്രതി ഒ.പി.-യും പത്തിനും ഇരുപതിനുമിടയി ലുള്ള ഐ.പി.യുമുള്ള തൈക്കാട്ടുശ്ശേരി സി.എച്ച്.സി.-യിൽ ഏകദേശം 50 കിടക്കകളും 6 പേ വാർഡ് മുറികളുമുണ്ട്. നാല് അസിസ്റ്റന്റ് സർജ ന്മാരുടെ തസ്തികകൾ അനുവദിച്ചിട്ടുമുണ്ട്. ഇതിൽ രണ്ടുപേർ വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരത്ത് സേവനമനുഷ്ഠിക്കുകയാണ്. കാരണം അതിൽ ഒന്ന് മനോരോഗവിദഗ്ധനാണ്, മനോരോഗ ആശുപത്രി യിൽ ഡോക്ടർമാരില്ലാത്തതുകൊണ്ട് അവിടെ മാറ്റി നിയമിച്ചതാണ്. രണ്ടാമത്തേയാൾ ഓഫ്ത്താൽമിക് സർജനാണ്. അവർക്ക് രണ്ടുപേർക്ക് പകരമായി രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ അവിടെ നിയമി

ച്ചിട്ടുണ്ട്. തുറവൂർ സി.എച്ച്.സി. ഒരു വർഷം മുമ്പാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്. 26 കിടക്കകളുള്ള ഈ ആശുപത്രിയിൽ ലാബ് സൗകര്യവും എക്സ്-റേ സൗകര്യവും ലഭ്യമാണ്. പഴയ ഐ.പി. കെട്ടിടം പൊളിച്ച് 3 കോടി രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. ഡോക്ടർമാരുടെ 7 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവാണുള്ളത്. ആ ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ആരോഗ്യ വകുപ്പിൽ തന്നെയുള്ള പി.ജി. ഡിഗ്രിയുള്ളവരുടെ ചോയ്സ് ചോദിച്ചിട്ടുണ്ട്. ജനുവരി മാസത്തിൽ നിയമനം നടത്തുന്നതാണ്. അതോടൊപ്പം ഇവിടെയും ഡോക്ടർമാരെ നിയമിക്കുന്നതിലേക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രതിമാസ പെൻഷൻ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. സുധാകരൻ: സർ, തുഞ്ചത്ത് എഴുത്തച്ഛന്റെ പിൻമുറക്കാരായ ഓലയിലും മണലിലും അരിയിലും അക്ഷരമെഴുതി ആദ്യാക്ഷരമായ ഹരിയിൽ തുടങ്ങി 56 അക്ഷരാളികൾ പഠിക്കുവാൻ പിഞ്ചുകുഞ്ഞുങ്ങളെ നൂറ്റാണ്ടുകളായി കേരളത്തിൽ പ്രാപ്തരാക്കിയ ഗ്രാമത്തിലെ ഗുരുശ്രേഷ്ഠരാണ് നിലത്തെഴുത്താശാന്മാരും ആശാട്ടികളും. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന് മലയാളികൾ വിശ്വസിച്ചുപോരുന്നു. വിദ്യാഭ്യാസക്കച്ചവടം ആഗോളവത്ക്കരിക്കപ്പെട്ടിരിക്കുന്ന ഈ കാലത്തും വിദ്യാധനത്തിൽ ഉറച്ചുവിശ്വസിക്കുന്നവരാണ് മലയാളികളിൽ ഭൂരിപക്ഷവും. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സർക്കാർ വന്നശേഷം ഒരു പരിഗണനയും ഇതുവരെ ഈ സമൂഹത്തിന് ലഭിച്ചിട്ടില്ല എന്ന് സഭയെ അറിയിക്കട്ടെ. പഴയ നായനാർ ഗവൺമെന്റിന്റെ കാലത്ത് ഞാൻ എം.എൽ.എ. ആയിരിക്കുമ്പോൾ സബ്മിഷൻ ഉന്നയിച്ചതിന്റെ ഫലമായി ശ്രീമതി കെ.ആർ. ഗൗരിയമ്മ ആദ്യം കൊടുത്ത 50 രൂപ പ്രതിമാസ പെൻഷൻ ഗ്രാന്റ് 150 രൂപയാക്കി വർദ്ധിപ്പിച്ചു. ഇപ്പോൾ 12 വർഷം കഴിഞ്ഞ് ഈ പ്രതിമാസ ഗ്രാന്റ് 500 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അംഗൻവാടി, ബാലവാടി അദ്ധ്യാപകർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ആശാൻ സമൂഹത്തിന് നൽകേണ്ടത് സാമൂഹിക നീതിയുടെ ഭാഗം കൂടിയാണ്, പക്ഷേ നൽകുന്നില്ല. കേരളത്തിലാകെ 7000-ൽ താഴെ ആളു

കൾ മാത്രമേ ആശാൻ സമൂഹത്തിനുള്ളൂ. ഞാൻ ആ സംഘടനയുടെ പ്രസിഡന്റ് കൂടിയായതുകൊണ്ട് എനിക്ക് നന്നായിട്ടറിയാം. ബഹുഭൂരിപക്ഷം തദ്ദേശഭരണസ്ഥാപനങ്ങളും മനുഷ്യത്വരഹിതമായിട്ടും അവഹേളനാപരമായിട്ടുമാണ് ആശാൻ സമൂഹത്തിനോട് പെരുമാറിക്കൊണ്ടിരിക്കുന്നത്. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പലവിധ സഹായങ്ങളും ആശാൻ സമൂഹത്തിന് നൽകാമെങ്കിലും സാധാരണക്കാരായ ആശാൻ സമൂഹത്തിന്റെ ആർത്തനാദം ബഹുഭൂരിപക്ഷം തദ്ദേശഭരണകർത്താക്കളും കേൾക്കുന്നില്ല. ആശാൻമാരുടെ ആവശ്യം ഔദാര്യമല്ല, അവകാശമാണ്. മലയാള ഭാഷ ഉപയോഗിക്കുന്നവനെന്ന് ഊറ്റം കൊള്ളുമ്പോൾ, മലയാള സർവ്വകലാശാല എന്ന് കൊട്ടിഘോഷിക്കുമ്പോൾ ഉച്ചാരണശുദ്ധിയില്ലാത്ത ചില രാഷ്ട്രീയ നേതൃത്വങ്ങളുടെ കയ്യിൽ ശുദ്ധമലയാളം പഠിപ്പിക്കുന്ന ആശാൻമാരുടെ കഴുത്ത് ഞെരിക്കപ്പെടുന്നത് വേദനാജനകമാണ്. ആശാൻമാരുടെ ആവശ്യങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മലയാള ഭാഷയോടും സംസ്ക്കാരത്തോടും കൂറുള്ള ഒരു പ്രമുഖ വ്യക്തിയെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

"പുറം കണ്ണ് തുറപ്പിക്കാൻ
പുലർകാലത്തിലംശുമാൻ
അകം കണ്ണ് തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം"

എന്ന കവിത നമ്മൾ കുട്ടിക്കാലത്ത് കേട്ടിട്ടുള്ളതാണ്. കാലാനുവർത്തിയായ ഈ മലയാള കവിത ഭരണകർത്താക്കൾ ഒരിക്കലും വിസ്മരിക്കാൻ പാടില്ല. സഹൃദയനും കലാകാരനും എഴുത്തുകാരനുമായ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്ത് ഉത്തരവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

"വിത്തമെന്തിന്നു മർത്ത്യന്,
വിദ്യ കൈവശമുണ്ടെങ്കിൽ"

എന്ന് നാം ഓർക്കുക. മാതൃഭാഷയുടെ പ്രാധാന്യത്തെപ്പറ്റി വിശുദ്ധ ഖുറാനിലെ വിവിധ വചനങ്ങൾ നാം ഓർക്കേണ്ടതാണ്. വള്ളത്തോൾ പറഞ്ഞതു പോലെ,

"നമ്മുടെ മാതാവ് കൈരളി പണ്ടൊരു
പൊന്മണി പൈതലായി വാണ കാലം"

നാം മറക്കാൻ പാടില്ല. ഇക്കാര്യത്തിൽ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും (ഡോ. എം.കെ. മുനീർ): സർ, കേരളത്തിലെ പ്രീ സ്കൂൾ തലത്തിൽ, പ്രീ പ്രൈമറി നഴ്സറികൾക്കൊപ്പമോ അതിന് മുൻഗാമികളായോ, മാതൃഭാഷയിലൂടെ മാത്രം കുഞ്ഞുങ്ങളുടെ ഔപചാരിക വിദ്യാഭ്യാസത്തിന് പ്രാരംഭം കുറിക്കുന്ന ഗുരുക്കന്മാരുടെ സമൂഹമാണ് കുടിപ്പള്ളിക്കൂട നിലത്തെഴുത്ത് ആശാന്മാരുടേത്. അവരുടെ എണ്ണം കുറഞ്ഞുവരികയാണ്. സാമ്പത്തിക പിന്നോ

ക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽ നിന്നുള്ള കുഞ്ഞുങ്ങളാണ് കുടിപ്പള്ളിക്കൂടങ്ങളിൽ വരുന്നതെന്നപോലെ, ഈ പള്ളിക്കുടങ്ങളിലെ ആശാന്മാരും ആശാട്ടിമാരും സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്നുള്ളവരാണ്. എല്ലാ അംഗീകൃത നിലത്തെഴുത്ത് ആശാന്മാർക്കും ആശാട്ടിമാർക്കും നൽകിവരുന്ന ഗ്രാന്റ് 1998-ൽ 100 രൂപയിൽ നിന്നും 150 രൂപയായി വർദ്ധിപ്പിച്ചും തുടർന്ന് 2008-ൽ 200 രൂപയായി വർദ്ധിപ്പിച്ചും കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും അവരുടെ തനതുഫണ്ടിൽ നിന്ന് ഗ്രാന്റ് നൽകാൻ ഉത്തരവുകൾ നൽകിയിരുന്നു. കവിയും സഹൃദയനുമായ അങ്ങയുടെ അപേക്ഷ പരിഗണിച്ചുകൊണ്ട് അത് 500 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള ഉത്തരവ് നൽകിക്കഴിഞ്ഞു.

**ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി**

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ വീടില്ലാത്ത പാവപ്പെട്ട വരുടെ ഗുരുതരമായ പ്രശ്നമാണ് സഭയുടെയും ബഹുമാനപ്പെട്ട പഞ്ചാ യത്ത് വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവരുന്നത്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി പ്രകാരം മുൻസർക്കാരിന്റെ കാലത്ത് 75,000 രൂപ യാണ് അനുവദിച്ചത്. ഈ സർക്കാർ വന്നതിനുശേഷം ധനസഹായം 2,00,000 രൂപയായി ഉയർത്തിയത് പാവപ്പെട്ടവർക്ക് വളരെ സഹായകര മായി മാറിയിട്ടുണ്ട്. എന്നാൽ എല്ലാ പഞ്ചായത്തുകൾക്കും ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്ലാൻ ഫണ്ടിൽ നിന്നും ഇതിനാവശ്യമായ തുക ചെലവഴിക്കുവാനാണ് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നുവെന്നാണ് ഇതിന് കാരണമായി പറയു ന്നത്. വളരെ തുച്ഛമായ പ്ലാൻ ഫണ്ട് മാത്രമാണ് മിക്ക പഞ്ചായത്തു കൾക്കും നിലവിലുള്ളത്. ഈ സാഹചര്യത്തിൽ ഈ പദ്ധതി സുഗമമായി നടപ്പിലാക്കുവാൻ ഗവൺമെന്റ് പുതിയ തീരുമാനം എന്തെങ്കിലും സ്വീകരി ച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, എല്ലാ ഭൂരഹിത/ഭവനരഹിതർക്കും ഭൂമിയും വീടും

നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഇ.എം.എസ്. ഭവനപദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 2009-11 കാലയളവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് വരുന്ന സമയത്ത് ആ പദ്ധതിയുടെ സമയം കഴിഞ്ഞിരുന്നു. എന്നാൽ ഈ ഗവൺമെന്റ് ഒരു വർഷത്തേക്കുകൂടി അത് ദീർഘിപ്പിച്ചുകൊണ്ട്. 2011-12 വരെ ആക്കി ഉത്തരവിറക്കി. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ 3 ലക്ഷത്തിലധികം ഭവനരഹിതരും ഏകദേശം ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തോളം ഭൂരഹിത/ഭവനരഹിതരുമുണ്ടെന്നും കണക്കാക്കിയിട്ടുണ്ട്. ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 75,000 രൂപ, പട്ടികജാതി വിഭാഗത്തിന് 1,00,000 രൂപയും പട്ടികവർഗ്ഗ ആശ്രയ വിഭാഗങ്ങൾക്ക് 1,25,000 രൂപയുമായിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ ഭവനനിർമ്മാണത്തിന് സബ്സിഡി തുക പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000 രൂപയും പട്ടികവർഗ്ഗ ആശ്രയ വിഭാഗത്തിന് 2,50,000 രൂപയുമായി വർദ്ധിപ്പിച്ചപ്പോൾ അതേ തീരുമാനം തന്നെ ഇ.എം. എസ്. ഭവനപദ്ധതി ഗുണഭോക്താക്കൾക്കും ലഭ്യമാകുന്നതിനുവേണ്ടിയുള്ള ഉത്തരവിറക്കി. ഈ പദ്ധതി പ്രകാരം 1 ലക്ഷം വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 10462 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതുപ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് സബ്സിഡി അനുവദിച്ച് പുതുക്കിയ നിരക്കിൽ ധനസഹായം

അനുവദിക്കേണ്ടതുണ്ട്. കൂടാതെ വസ്തു വാങ്ങുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ അധികബാധ്യത 31.03.2012-ന്റെ എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് ഏകദേശം 363 കോടി രൂപ ആവശ്യമാണ്. ഇതിനുവേണ്ടി സഹകരണ ബാങ്കുകളെ സമീപിച്ചു. അവർ 10% നിരക്കിൽ കൊടുക്കാൻ പറ്റില്ല; അത് കൂട്ടണമെന്ന് പറഞ്ഞു. ഹഡ്കോയുമായി നെഗോഷ്യേറ്റ് ചെയ്തപ്പോൾ 8.75% പലിശയ്ക്ക് നൽകാമെന്ന് സമ്മതിച്ചു. അതിൻപ്രകാരം ഹഡ്കോയിൽ നിന്നും 600 കോടി രൂപ ഐ.എ.വൈ.-യ്ക്കും ഇ.എം.എസ്. ഭവനപദ്ധതിക്കുമായി എടുക്കാനുള്ള ഉത്തരവിറക്കി കഴിഞ്ഞു. അതിൽ 400 കോടി രൂപ ഇ.എം.എസ്. ഭവന പദ്ധതിക്ക് വേണ്ടിയിട്ടാണ് കൊടുക്കുക. ഇത് പത്ത് വർഷം കൊണ്ട് തദ്ദേശസ്ഥാപനങ്ങൾ തിരിച്ചടച്ചാൽ മതിയാകും.

## പുരാവസ്തു പ്രദേശങ്ങളുടെ സമീപം നിർമ്മാണ പ്രവർത്തനം നിഷേധിക്കൽ

ശ്രീ. പി. എ. മാധവൻ: പുരാവസ്തു വകുപ്പിന്റെ ഉത്തരവുമൂലം ദുരിത്തിലായ നൂറ് കണക്കിന് ആളുകളുടെ ദുരിതാവസ്ഥക്ക് പരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് എന്റെ ഈ സബ്മിഷൻ. മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ അരിയന്നൂർ ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിന് തൊട്ടടുത്ത് കിടക്കുന്ന കുടക്കല്ല്, പുല്ലാനിക്കുന്ന്, മുനിമട എന്നീ പൈതൃകങ്ങളെ ആ പ്രദേശത്തെ ജനങ്ങൾ ആത്മാഭിമാനത്തോടുകൂടിയാണ് നെഞ്ചേറ്റിവന്നിരുന്നത്. ഈ പ്രദേശത്തിന്റെ സമീപത്തുതന്നെ കുന്നംകുളം നിയോജകമണ്ഡലത്തിലെ കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രം, ചിറയ്ക്കൽ ഗുഹ, ചെമ്മന്തട്ട ശിവക്ഷേത്രം തുടങ്ങിയ സ്ഥലവും പുരാവസ്തു വകുപ്പിന്റെ കൈവശമാണ്. മൂന്ന് വർഷം മുമ്പ്, പുരാവസ്തു സ്മാരകങ്ങളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണം ഉണ്ടായിരുന്നതെങ്കിൽ ഒരു ഉത്തരവിലൂടെ അത് 300 മീറ്റർ ചുറ്റളവിലാക്കി മാറ്റിയതോടുകൂടി നൂറുകണക്കിന് വീട്ടുകാർക്ക് വീട് പുതുക്കി പണിയുന്നതിനോ റിപ്പയർ ചെയ്യുന്നതിനോ പുതിയതായി വീടോ കടയോ കുളിമുറിയോ കക്കൂസോ പോലും നിർമ്മിക്കുവാനോ നിർവ്വാഹമില്ലാത്ത അവസ്ഥയാണ്. പ്രശസ്ത സാഹിത്യകാരനായ കോവിലന്റെ വീട് പുതുക്കിപ്പണിയാൻപോലും വർഷങ്ങളോളം കാലതാമസം ഉണ്ടായത്

കണ്ടാണശ്ശേരി പഞ്ചായത്തിലെ തട്ടകത്ത് തന്നെയാണ്. അതുമാത്രമല്ല ഈ പ്രദേശത്തെ ഭൂമിയുടെ മാർക്കറ്റ് വില ഗണ്യമായി കുറഞ്ഞു. വസ്തുവാങ്ങുവാൻ ആളില്ലാത്ത സ്ഥിതിയായി. ഇവിടത്തെ ജനങ്ങൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകണം, 100 മീറ്റർ ചുറ്റളവ് 300 മീറ്റർ ആക്കി മാറ്റിയ ഉത്തരവ് പിൻവലിക്കണം, ഇതുവരെയുള്ള അപേക്ഷകൾ പൂർണ്ണമായും അനുവദിക്കുന്ന അവസ്ഥ സർക്കാരിൽ നിന്നുണ്ടാകണം. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി ഈ സ്ഥലം സന്ദർശിക്കുവാനും ദുരിതം അനുഭവിക്കുന്നവരെ നേരിൽ കാണാനും തയ്യാറാകണമെന്നുകൂടി വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി: (ശ്രീ. കെ.സി.ജോസഫ്): സർ, 1958-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത ആക്ട് പ്രകാരം കേന്ദ്ര പുരാവസ്തു സ്മാരകങ്ങളുടെ 100 മീറ്റർ ചുറ്റളവുവരെയുള്ള സ്ഥലം നിരോധിത മേഖലയാണ്. 200 മീറ്റർ ചുറ്റളവ് വരെയുള്ള സ്ഥലം നിയന്ത്രിത മേഖലയാണ്. ഈ മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള കോമ്പിറ്റന്റ് അതോറിറ്റിക്ക് ഇത് സംബന്ധിച്ച് പരാതി കൊടുത്താൽ അവർ സ്ഥലം പരിശോധിച്ച് ആവശ്യമായ ഇളവുകൾ ചെയ്തിരുന്നു. പക്ഷേ, 16-04-2012-ലെ ഉത്തരവിലൂടെ കോമ്പിറ്റന്റ് അതോറിറ്റിയുടെ ഓഫീസിലെ

സ്റ്റാഫിന്റെ എണ്ണം ഗണ്യമായി കുറച്ചു. തന്മൂലം ഓഫീസ് പ്രവർത്തിക്കുന്നില്ല. അതുകൊണ്ടാണ് ലഭിച്ച പരാതികൾ പരിശോധിക്കുവാനോ തീരുമാനമെടുക്കാനോ കഴിയാതെ പോകുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ ഈ കാര്യം ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ, നേരത്തേതന്നെ ഞാൻ കേന്ദ്ര മന്ത്രിയെ കണ്ട് ഈ ആവശ്യം ഉന്നയിച്ചിരുന്നു. ഈ മേഖലയിലുള്ള ജനങ്ങളുടെ പ്രയാസം കണക്കിലെടുത്തുകൊണ്ട് ആവശ്യമായ സ്റ്റാഫിനെ ഡെപ്യൂട്ടേഷനിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ കൊടുക്കുവാനായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോഴും സ്റ്റാഫിനെ കിട്ടിയിട്ടില്ല. സ്റ്റാഫിനെ കൊടുത്തുകഴിഞ്ഞാൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതായിരിക്കും. നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷം വേണമെങ്കിൽ ഞാൻ അവിടെ പോകാം. പക്ഷേ അതുകൊണ്ട് പ്രശ്നം തീരില്ല. കോമ്പിറ്റന്റ് അതോറിറ്റിയുടെ ഓഫീസ് ഫലപ്രദമാകണം അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആദിവാസി ഭൂസമരം**

ശ്രീ. എം.പി. വിൻസെന്റ്: എന്റെ മണ്ഡലത്തിലെ ഒളകര പട്ടിക വിഭാഗ കോളനിയിലെ അതീവ ഗൗരവമായ കാര്യമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ കോളനിയിലെ ആളുകൾ അവരുടെ ആവാസ വ്യവസ്ഥയായ വനത്തെ സ്നേഹിച്ച് പരിപാലിക്കുന്നവരും വനവിഭവങ്ങൾ മിതമായ രീതിയിൽ ഉപയോഗപ്പെടുത്തി ഉപജീവനം നടത്തുന്നവരുമാണ്. സമൂഹത്തിലെ മുഖ്യധാരയിൽ നിന്ന് വേറിട്ട് തനത് ജീവിത ശൈലിയിൽ ജീവിക്കുന്നവർക്ക് വനത്തിൽത്തന്നെ ജീവിക്കുവാൻ ആവശ്യമായ സാഹചര്യം ഒരുക്കേണ്ടതുണ്ട്. വനത്തെ ദൈവതുല്യമായി സ്നേഹിക്കുന്ന ഈ വിഭാഗത്തിന്റെ ഭൂസമരം വളരെ ഗൗരവമായി ഗവൺമെന്റ് കാണേണ്ടതുണ്ട്. ഇവർ അഞ്ച് സെന്റും മൂന്ന് സെന്റും ഭൂമിയിൽ വളരെ കഷ്ടപ്പെട്ട് ഞെരുങ്ങി ജീവിക്കുന്നവരാണ്. 1957-ൽ ഇവർ ഇക്കാര്യങ്ങളുമായി ഗവൺമെന്റിനെയും ബന്ധപ്പെട്ട അധികാരികളെയും സമീപിക്കുകയുണ്ടായി. അവർക്ക് ആവശ്യമായ ഭൂമി കൊടുക്കാമെന്ന് അന്ന് പറഞ്ഞെങ്കിലും വേണ്ട രീതിയിൽ ഒന്നും ചെയ്തില്ല. ഇപ്പോൾ അവർ ഭൂമിക്ക് വേണ്ടി സമരം നടത്തുകയും ആ സമരത്തിന്റെ ഭാഗമായി 10 ദിവസത്തോളം അവരെ റിമാന്റ് ചെയ്യുകയും ചെയ്ത ഒരവസ്ഥയുണ്ടായി. ആഴ്ചയിൽ ഒരു ദിവസം പീച്ചി റേഞ്ച് ഓഫീസിൽ വന്ന് ഒപ്പിടുകയും ചെയ്യേണ്ടതായ അവസ്ഥയുണ്ട്. ഇത് ഏറ്റവും ഗൗരവമുള്ളതാണ്. അവർക്ക് ഭൂമി കൊടുക്കുവാൻ ആവശ്യമായ രീതിയിലുള്ള സമീപനം

സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതിനുവേണ്ടി ഗവൺമെന്റ് തലത്തിൽ ഒരു യോഗം വിളിച്ച് അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെടുകയും ഈ കാര്യത്തിനുവേണ്ടി ഇനി അവർ സമരം ചെയ്യാതെയിരിക്കുന്നതിനും  സമരം ചെയ്യുന്നവരുടെ കേസ്സുകൾ പിൻവലിക്കുന്നതിനും ആവശ്യമായ ആശ്വാസകരമായ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറകണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>കുമാരി പി. കെ. ജയലക്ഷമി</u>): സർ, തൃശ്ശൂർ പീച്ചി വില്ലേജിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ  ഏഴാം വാർഡിൽ ഒളകര പട്ടികവർഗ്ഗ സങ്കേതത്തിൽ മലയൻ സമുദായത്തിപ്പെട്ട 40 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ 40 കുടുംബങ്ങൾക്കുംകൂടി  രണ്ടര ഏക്കർ ഭൂമി മാത്രമേ കൈവശമുള്ളൂ. പട്ടികവർഗ്ഗ സങ്കേതത്തിൽ വനാവകാശ നിയമപ്രകാരം ഭൂമി ലഭിക്കുന്നതിനായി 40 അപേക്ഷകൾ ലഭിക്കുകയും ആയത് വനാവകാശ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സർവ്വേ വകുപ്പ് സർവ്വേ ചെയ്യുകയും 75 സെന്റ് വീതം നൽകുന്നതിന് സ്കെച്ച് തയ്യാറാക്കുകയും ചെയ്തു. കോളനി നിവാസികൾ ചൂണ്ടിക്കാണിച്ച, സർവ്വേ ചെയ്ത സ്ഥലം സംബന്ധിച്ച് വനം വകുപ്പ് സബ് ഡിവിഷൻ കമ്മിറ്റിയിലും ജില്ലാതല കമ്മിറ്റിയിലും എതിർപ്പ് ഉന്നയിച്ചതിനാൽ ഈ അപേക്ഷകൾ പാസ്സാക്കുവാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ

21-02-2012-മുതൽ പട്ടികവർഗ്ഗ സങ്കേതത്തിന് സമീപമുള്ള വനപ്രദേശം കയ്യേറി കുടിൽ കെട്ടുവാൻ ആരംഭിച്ചു. ഇവരുടെ ക്ഷേത്രം ഇതിനകത്താണ് സ്ഥിതി ചെയ്യുന്നത്. ഓരോ കുടുംബത്തിനും അഞ്ചേക്കർ വീതം ഏകദേശം 200 ഏക്കറോളം ഭൂമിയാണ് അവർ അതിർത്തി തെളിയിച്ചിരിക്കുന്നത്. തുടർന്ന് 05-03-2012-ൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ തർക്കം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പ്, വനം വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയിലെ ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തിയതിൽനിന്നും കൃഷിഭൂമി ലഭ്യമാകാത്തതാണ് നിലവിലുള്ള പ്രശ്നത്തിന് കാരണമെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇത് സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ, വനം വകുപ്പ് തുടങ്ങിയ മൂന്ന് വകുപ്പുകൾ സംയുക്തമായി മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. 17-12-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നം ഗൗരവമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

## മണൽ മാഫിയ

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് ജില്ലയിൽ മണൽ മാഫിയയുടെ പ്രവർത്തനം വലിയതോതിൽ വർദ്ധിച്ചുവരുകയും ഒടുവിൽ ജില്ലാകളക്ടറെത്തന്നെ ആക്രമിക്കുന്ന നിലയിലേക്കും അദ്ദേഹത്തിനു നേരെ വധശ്രമം നടത്താനുള്ള ധൈര്യം സമ്പാദിക്കുന്ന രീതിയിലേക്കും അവരുടെ പ്രവർത്തനം വ്യാപിക്കുകയുണ്ടായി. മണൽ മാഫിയയ്ക്ക് കടിഞ്ഞാണിടാൻ റവന്യൂ വകുപ്പിൽ തഹസിൽദാറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് ഉണ്ട്, പോലീസ് ഉണ്ട്. ഇവരെല്ലാംതന്നെ ഈ മാഫിയാസംഘത്തിന്റെ സ്വാധീനത്തിന് വിധേയമായി ഇവർക്ക് സർവ്വ സൗകര്യങ്ങളും ചെയ്തുകൊടുത്തതിന്റെ ഭാഗാമായാണ് യഥാർത്ഥത്തിൽ ഈ ധിക്കാരം അവർക്കുണ്ടായത്. കഴിഞ്ഞ ശനിയാഴ്ച പുലർച്ചെ 03.45-ന് ജില്ലാ കളക്ടർ വിശ്വസ്തരായിട്ടുള്ള കുറച്ച് പോലീസുദ്യോഗസ്ഥരുടെ സഹായത്തോടുകൂടി റെയ്ഡിന് പോയപ്പോൾ ആക്രമിക്കപ്പെടുകയും അദ്ദേഹത്തിനുനേരെ വധശ്രമം ഉണ്ടാവുകയും ചെയ്തു. ഈ മാഫിയക്കെതിരെ നാട്ടുകാർ പോലീസ് സ്റ്റേഷനിലും റവന്യൂ ഉദ്യോഗസ്ഥന്മാർക്കും പരാതി കൊടുത്തിട്ടും ഒരു നടപടിയും ഉണ്ടായില്ല. പരാതി കൊടുത്താൽ ആ വിവരം ഇവർക്ക് ചോർത്തിക്കൊടുക്കുകയാണ്. ആ സാഹചര്യത്തിൽ ജില്ലാ കളക്ടർ, തഹസിൽദാറുടെ നേതൃത്വത്തിലുള്ള സ്ക്വാഡിനെയോ ലോക്കൽ പോലീസ് സ്റ്റേഷനിലോ അറിയിക്കാതെയാണ് പോയത്.

അങ്ങനെ പോകേണ്ടി വന്നത് അവരെ വിശ്വസിക്കുവാൻ കൊള്ളാത്തതു കൊണ്ടും ആ വിവരം മാഫിയക്ക് ചോർത്തിക്കൊടുക്കും എന്നുള്ളതു കൊണ്ടുമാണ്. കളക്ടറെ ആക്രമിച്ച കേസിലെ പ്രതികളെ പോലും പൂർണ്ണമായി അറസ്റ്റ് ചെയ്തിട്ടില്ല. 15 പേർ പ്രതിലിസ്റ്റിലുണ്ടെന്ന് പറയുന്നു, രണ്ടുമൂന്ന് പേരെ പിടിച്ചു. അതിന്റെ പിന്നിലുള്ള ആളുകളെ അറസ്റ്റ്ചെയ്തിട്ടില്ല. ഇത് കോഴിക്കോടിന്റെ മാത്രം പ്രശ്നമല്ല. മറ്റ് ജില്ലകളിലുമുണ്ട്. ഇതിന് പരിഹാരം ഉണ്ടാകണമെന്നങ്കിൽ ഈ മാഫിയക്ക് കൂട്ട് നിൽക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണം. കളക്ടർക്ക് നേരെയുണ്ടായ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ മാഫിയെ നിയന്ത്രിക്കുവാൻ ബാധ്യതപ്പെട്ട സ്ക്വാഡിന് നേതൃതത്വം കൊടുക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും സ്ക്വാഡിനെ പിരിച്ചുവിടുകയും വേണം. ലോക്കൽ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിട്ട് നടപടി എടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. അങ്ങനെ നടപടി സ്വീകരിച്ചാൽ മാത്രമേ ഇതിന് അവസാനം ഉണ്ടാക്കുവാൻ സാധിക്കൂ.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അനധികൃത മണൽ വാരലും, മണൽ കടത്തും നടത്തുന്നതായും ഉയർന്ന വിലയ്ക്ക് മണൽ വിൽപ്പന നടത്തുന്നതുമായ പൊതുവായ പരാതിയുടെ അടിസ്ഥാനത്തിൽ നടപടി

സ്വീകരിക്കുന്നതിന് ജില്ലയിലെ മൂന്ന് താലൂക്കുകളിലും തഹസിൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ഈ വർഷം 44 മണൽ വാഹനങ്ങളും രണ്ട് തോണിയും കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. മണൽ സ്ക്വാഡ് ശക്തമായ കൊയിലാണ്ടി താലൂക്കിന്റെ കീഴിൽ മാഫിയ ആക്രമണം ഉണ്ടായിട്ടുണ്ട്. ജൂനിയർ സൂപ്രണ്ടായ ശ്രീ. പ്രദീപ് കുമാർ, ശ്രീ. രവി എന്നിവരടങ്ങുന്ന സ്ക്വാഡിനുനേർക്ക് 2011-ൽ ആക്രമണം നടത്തിയതിൽ പരിക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ക്വാഡിന്റെ വാഹനം അടിച്ചുതകർത്തു. ഈ വർഷം കൊയിലാണ്ടി താലൂക്കിൽ ഉണ്ണിക്കുളത്തുവച്ച് ബൈക്കിൽ എത്തിയ സംഘം തഹസിൽദാരെ ആക്രമിക്കുകയുണ്ടായി. കഴിഞ്ഞ എട്ടാം തീയതി റെയ്ഡ് നടത്തിയ കോഴിക്കോട് കളക്ടർക്കുനേരെ വധ ശ്രമം ഉണ്ടായി. സംഭവത്തെ തുടർന്ന് 10-12-2012-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പോലീസ്, റവന്യൂ, മോട്ടോർ വാഹന വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് മണൽ മാഫിയക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. 11-12-2012 മുതൽ മൂന്ന് താലൂക്കുകളിലും അഞ്ച് പേർ വീതമടങ്ങുന്ന റവന്യൂ-പോലീസ് ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥരുടെ സംയുക്ത സക്വാഡുകൾ രൂപീകരിക്കുകയും രാത്രിയും പകലും റെയ്ഡ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ഭൂപരിഷ്കരണ നിയമത്തിൽ വരുത്തിയ ഭേദഗതിയുടെ ആനുകൂല്യം**

ശ്രീ. സണ്ണി ജോസഫ് : സർ, കണ്ണൂർ ജില്ലയിലെ വടക്കേകളം, കൊട്ടിയൂർ, അമ്പലക്കണ്ടി തുടങ്ങിയ പല സ്ഥലങ്ങളിലും കൈവശഭൂമി വിലയ്ക്കുവാങ്ങുന്ന കർഷകരെ സംബന്ധിച്ച് അവിടെ ഭൂമിക്ക് രേഖയുണ്ടെങ്കിൽപോലും അതിന് നിയമസാധുതയില്ലായെന്നുള്ള വിഷയം നിലനിൽക്കുകയാണ്. അതിന് ഗവൺമെന്റ് 2005-ൽ ഒരു നിയമഭേദഗതി പാസ്സാക്കിയെങ്കിലും അതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. പിന്നീട് മുഖ്യമന്ത്രി കൃഷിക്കാരുമായി ചർച്ച ചെയ്ത് ചട്ടങ്ങൾ രൂപീകരിക്കാമെന്ന ധാരണയിലെത്തിയെങ്കിലും അത് നടന്നിട്ടില്ല. ഇന്ന് കൃഷിക്കാർ സമരത്തിലാണ്. കണ്ണൂർ കളക്ടറേറ്റിനുമുന്നിൽ കർഷക കോൺഗ്രസ് ഉപവാസ സമരത്തിലാണ്. അതുകൊണ്ട്, പതിറ്റാണ്ടുകളായി നിലനിൽക്കുന്ന കർഷകരുടെ ഈ ആവശ്യം അംഗീകരിച്ച്, ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് നിയമഭേദഗതിക്കനുസൃതമായി ചെറുകിട കർഷകരെ രക്ഷിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം സംബന്ധിച്ച്

14-10-2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. കൈവശക്കാരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 4 ഏക്കർ ഭൂമി വരെ കൈവശക്കാർക്ക് നൽകുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്. അതിന് ചില ഭേദഗതികൾ നിയമത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. നിയമത്തിൽ ഭേദഗതികളുണ്ടാക്കുന്നതോടൊപ്പം ആവശ്യമായ റൂളുകൾ ഉണ്ടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.